# കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുവള്ളി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി./പി14/2323/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ-ddlfakkd@yahoo.in

തീയ്യതി:12.12.2018

ജോയിന്റ് ഡയറക്ടർ

ചെയർമാൻ( സെക്രട്ടറി മുഖേന)

കൊടുവള്ളി നഗരസഭ

സർ,

വിഷയം : കൊടുവള്ളി നഗരസഭ- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2, 2-4 ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-17 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുൻസിപ്പാലിറ്റീസ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുൻസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)നഗരകാര്യവകുപ്പ് ജോയിന്റ് ഡയരക്ടർ, കോഴിക്കോട്

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി./പി14/2323/18 തിയ്യതി:12.12.2018

# കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലികനിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നഗരസഭയുടെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 22.05.17 മുൻ ഓഡിറ്റ് തീയതി മുതൽ 12.09.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയരക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.9.2018 മുതൽ 03.10.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മനോഹരൻ.എം.,ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി.ഷൈന.എ.കെ., അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുകല.സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | ശ്രീ.വിജേഷ്.കെ.കെ., ഓഡിറ്റർ<br>(29.09.18 വരെ മാത്രം) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീമതി.ശരീഫ കണ്ണാടിപ്പൊയിൽ | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീമതി.വൃജ.എൻ.കെ. | 1.4.2017മുതൽ 17.11.2017 വരെ |
| | ശ്രീ.അനിൽകുമാർ.എ.എം.<br>സൂപ്രണ്ട്(സെക്രട്ടറി ഇൻ-ചാർജ്ജ്) | 18.11.2017 മുതൽ 31.3.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുൻസിപ്പൽ എഞ്ചിനീയർ | ശ്രീമതി.ജയന്തി.എൻ.പി. | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.നസ്റ്റുൽ ഇസ്ലാം | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദേവസ്യ | 1.4.2017 മുതൽ 31.3.2018 വരെ |
| സീനിയർവെറ്ററിനറി സർജ്ജൻ | ഡോ.ശ്രീജ.പി.എസ് | 1.4.2017 മുതൽ 7.8.2017 വരെ |
| | ഡോ.കെ.ചന്ദ്രൻ | 8.8.2017 മുതൽ 31.3.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നസീമ.കെ.കെ. | 1.4.2017 മുതൽ 21.12.2017 വരെ |
| | ശ്രീ.ഷിജോ.കെ.എ. | 22.12.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| പ്രിൻസിപ്പാൾ ജിഎച്ച്.എസ്.എസ്., കൊട്ടുവള്ളി | ശ്രീ.വിഭിൻ പ്രഭാകർ | 1.4.2017 മുതൽ 31.3.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.മുഹമ്മദ് അലി അഷ്റഫ്.പി.പി. | 1.4.2017 മുതൽ 31.3.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാരി | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്കു നൽകുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഗുരുതരമായ വീഴ്ചകൾ | 2-1 |
| 14 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ : കുറവു വന്ന തുക ഈടാക്കേണ്ടതാണ് | 2-2 |
| 15 | കംഫർട്ട് സ്റ്റേഷനിൽ സ്ഥിരമായ ജലവിതരണത്തിന് വാട്ടർ കണക്ഷൻ ഏർപ്പെടുത്തിയില്ല- വാടകയിനത്തിൽ നഷ്ടം. | 2-3 |
| 16 | കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സിൽ മതിയായ സാകര്യങ്ങൾ ഒരുക്കിയില്ല- നഗരസഭയ്ക്ക് വാടകയിനത്തിൽ നഷ്ടം | 2-4 |
| 17 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 2-5 |
| 18 | ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ | 2-6 |
| | ഭാഗം 3 | |
| 19 | വാവാട് സ്കൂൾ നവീകരണപ്രവൃത്തി- കൺവീനർക്ക് അധിക തുക അനുവദിച്ചു | 3-1 |
| 20 | പൊതു മരാമത്ത് പ്രവർത്തി-ചെലവ് രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചു | 3-2 |
| 21 | തനതുഫണ്ടിന്റെ കണക്ക് സൂക്ഷിക്കാത്തതും പദ്ധതിക്കായി തനത് ഫണ്ടിൽനിന്നും വൻതുക വകയിരുത്തുന്നതും സംബന്ധിച്ച് | 3-3 |
| 22 | പൊതു മരാമത്ത് പ്രവർത്തികൾ- ആസൂത്രണത്തിലെയും പദ്ധതി | 3-4 |

| | | |
|---|---|---|
| | നടത്തിപ്പിലെയും പോരായ്മകൾ | |
| 23 | വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ : ടെണ്ടറിൽ ക്വാട്ട് ചെയ്തതിനെക്കാൾ അധിക നിരക്ക് ഈടാക്കി | 3-5 |
| 24 | നഗരസഭ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു | 3-6 |
| 25 | നഗരസഭ പരിധിയിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ : നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 3-7 |
| 26 | തെരുവുവിളക്ക് സ്ഥാപിക്കൽ : പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 27 | സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 3-9 |
| 28 | കന്നുകുട്ടി പരിപാലനം : പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-10 |
| 29 | യുനാനി ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 30 | ഫർണ്ണിച്ചർ വാങ്ങൽ - പ്രൊക്വയർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-12 |
| 31 | മുൻസിപ്പൽ പെൻഷൻ ഫണ്ട് - അക്കൗണ്ട് ആരംഭിച്ചില്ല | 3-13 |
| 32 | പെൻഷൻ കോൺട്രിബ്യൂഷൻ - മൊത്ത ശമ്പളത്തിനു പകരം അടിസ്ഥാന ശമ്പളത്തിന്റെ 15% അടവാക്കുന്നു | 3-14 |
| 33 | ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-15 |

| | | |
|---|---|---|
| 34 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-16 |
| 35 | അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐ.പി സൗകര്യങ്ങൾ ഒരുക്കുന്നില്ല, എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-17 |
| 36 | എസ്.സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം - പദ്ധതി പൂർത്തീകരിച്ചില്ല | 3-18 |
| 37 | എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ : പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-19 |
| 38 | ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-20 |
| 39 | ഇ.എം.ഡി. തുക അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നു | 3-21 |
| 40 | ദേശീയ നഗര ഉപജീവന മിഷൻ ( NULM) കുടുംബശ്രീ പദ്ധതി തുക വിനിയോഗം സംബന്ധിച്ച് | 3-22 |
| 41 | മുനിസിപ്പാലിറ്റി നിലവിൽ വന്ന് 3 വർഷമായിട്ടും പൗരാവകാശ രേഖ തയ്യാറാക്കിയില്ല. | 3-23 |
| 42 | സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കാതെ കെട്ടിട വാടക നൽകി. | 3-24 |
| 43 | വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ | 3-25 |
| 44 | ദുരിതാശ്വാസ നിധി - വിനിയോഗത്തിലെ അപാകതകൾ | 3-26 |

| | | |
|---|---|---|
| 45 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമല്ല | 3-27 |
| 46 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയില്ല | 3-28 |
| 47 | സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 3-29 |
| 48 | പി.എം.എ.വൈ പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ | 3-30 |
| 49 | നഗരസഭാ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കിയില്ല- വാഹന പരിപാലന ചട്ടങ്ങളിലെ വീഴ്ച | 3-31 |
| | ഭാഗം 4 | |
| 50 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 53 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 54 | സ്ഥിര നിക്ഷേപം | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 57 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |

| | | |
|---|---|---|
| 60 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2017 തീയതിയിലെ 65/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 31.7.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.9.2018 മുതൽ 5.9.2018 വരെ | KSAKKD/E2/ 1111/18(86) 11.9.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9146983 |
| വരവ് | 129898537 |
| ആകെ | 139045520 |
| ചെലവ് | 110652846 |

| | |
|---|---|
| നീക്കിയിരിപ്പ് | 28392674 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 32043639 | 32043639 | 26197312 | 5846327 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 6460254 | 6460254 | 4401212 | 2059042 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | --- | ---- | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 11562681 | 11562681 | 11519987 | 42694 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5543099 | 5543099 | 4188558 | 1354541 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9109640 | 9109640 | 5762551 | 3347089 |
| കെ.എൽ..ജി.എസ്.ഡി.പി (ACR പ്രകാരം) | | | 687924 | 687924 | 542615 | 145309 |
| സാക്ഷരത | | 57732 | 2021 | 59753 | --- | 59753 |
| ദുരിതാശ്വാസനിധി | | 23373 | 201593 | 224966 | 64525 | 160441 |
| അയ്യങ്കാളി നഗരതൊഴി | തൊഴിലാ ളികളുടെ കൂലി | | --- | ---- | | |

| | | | | | | |
|---|---|---|---|---|---|---|
| ല്യറപ്പ പദ്ധതി | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | ---- | ----- | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | പി.എം.എ.വൈ | ---- | 29978250 | 29978250 | 8225809 | 21752441 |
| | NULM | 2902051 | 417914 | 3319965 | 3008092 | 311873 |
| | ടി.എസ്.സി. | 755482 | 347641 | 1103123 | 319500 | 783623 |
| | ആർ.എം.എസ്.എ | ----- | 3998458 | 3998458 | 889819 | 3108639 |
| | സ്വച്ചഭാരത് | 177256 | 350335 | 527591 | 20134 | 507457 |
| | എം.പി.ഫണ്ട് | 508817 | 5114 | 513931 | 400000 | 113931 |
| | ഐ.സി.ഡി.എസ്. | | 1485263 | 1485263 | 365250 | 1120013 |
| സംസ്ഥാ നാവിഷ്കൃത ഫണ്ടുകള (ഇനം തിരിച്ച് ചേർക്കുക) | ജലനിധി | 49850 | 1893 | 51743 | ---- | 51743 |
| | എം.എൽ.എ. ഫണ്ട് | -- ---- | 1958303 | 1958303 | 1491603 | 466700 |
| | ആശ്രയ ഫണ്ട് | ------ | 500000 | 500000 | 500000 | |
| | വിമുക്തി | ------ | 25000 | 25000 | ----- | 25000 |
| | കേരളോത്സവം | | 25000 | 25000 | 25000 | |
| ബി ഫണ്ട് | | | 57589700 | 57589700 | 57589700 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ------- | 15542000 | 15542000 | 15542000 | -- --- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1331138 | 17986779 | 19317917 | 20905650 | -1587733 |
| | ട്രഷറി അക്കൗണ്ട് | 2949022 | ------ | 2949022 | 2190880 | 758142 |

| | | | | | | |
|---|---|---|---|---|---|---|
| | (STSB) VPFA1, 2 | 6449 | ------ | 6449 | ------ | 6449 |
| മറ്റിനം ഗുണഭോക്തൃ വിഹിതം | | | 477498 | 477498 | 314250 | 163248 |

കുറിപ്പ് :- ജനറൽ പർപ്പസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയുടെ മുൻവർഷ നീക്കിയിരിപ്പ്, തൻവർഷ ചെലവ്, തൻവർഷ നീക്കിയിരിപ്പ് എന്നിവയുടെ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. ജനറൽ പർപ്പസ് ഗ്രാന്റ് ടി.എസ്.ബി.അക്കൗണ്ടിൽ വരവുപിടിക്കുന്നതോടൊപ്പം തന്നെ ഐ.സി.ഡി.എസ് ഫണ്ട്, എം.എൽ.എ.ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവയും വരവു പിടിക്കുന്നു. ഈ അക്കൗണ്ടിൽ നിന്നും ഓരോ ഇനങ്ങൾക്കുമുള്ള ചെലവ് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ സിൻഡിക്കേറ്റ് ബാങ്കിലെ 44142010000018നമ്പർ തനതുഫണ്ട് അക്കൗണ്ടിൽ തനതുഫണ്ടിനു പുറമെ കേന്ദ്ര ഫണ്ടായ ആർ.എം.എസ്.എ, ശുചിത്വമിഷൻ, എം.എൽ.എ ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവയും സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഓരോന്നിന്റെയും ഇനം തിരിച്ചുള്ള വരവുചെലവു കണക്കുകൾ നഗരസഭ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ കാണിച്ചിട്ടുള്ള ജനറൽ പർപ്പസ് , തനതുഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 327 | 106430402 | 236 | 63232275 | 14 | 77 | 72.17 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയ്ക്കായി തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 198000 | 335 |
| കർഷകതൊഴിലാളി പെൻഷൻ | 5257200 | 518 |
| വിധവാപെൻഷൻ | 19228900 | 1742 |
| വാർദ്ധക്യകാലപെൻഷൻ | 18548200 | 1688 |
| വികലാംഗപെൻഷൻ | 5752500 | 538 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 804900 | 72 |
| വിവാഹധനസഹായം | 780000 | 26 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.9.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 51946/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം

അനിവാര്യമാണ്. നഗരസഭയുടെ വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി ഒരുക്കുകയോ പലതും വേണ്ട രീതിയിൽ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നത് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേററ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15 ന മുമ്പായി സെക്രട്ടറി തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ബജറ്റ് തയ്യാറാക്കുന്നതിലേക്കായി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ സ്വീകരിച്ച് സെക്രട്ടറി വിശദമായ ബജറ്റ് എസ്റ്റിമേററ് തയ്യാറാക്കിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് അടിസ്ഥാനമാക്കിയ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും കാര്യക്ഷമമല്ല. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ പലതും കൃത്യമായി സൂക്ഷിക്കുന്നില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭക്ക് കിട്ടാനുള്ള വസ്തുനികുതി എത്രയെന്നോ, കുടിശ്ശിക എത്രയെന്നോ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നഗരസഭാപരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ്ചെയ്തിട്ടില്ല. ജീവനക്കാർ സ്ഥലം മാറിപോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ആയതിനാൽ മുൻവർഷങ്ങളിലെ കെട്ടിടനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അസ്സസ്സ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ , ഡിപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ മുതലായവ നഗരസഭയിൽ ലഭ്യമല്ല.

ധനപരമായ ഇടപാടുകൾ രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയായ വൗച്ചറുകളിൽ പലതിലും നഗരസഭ ചെയർമാൻ ഒപ്പുവെച്ച് അധികൃതമാക്കിയിട്ടില്ല. ശരിയായ രീതിയിൽ വൗച്ചറുകൾ തയ്യാറാക്കി കൗൺസിൽ ചെയർമാൻ ഒപ്പുവെച്ച് ആധികാരികമാക്കിയല്ലാതെ ഒരു ചെലവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22A(iv) പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും തൊട്ട് മുൻപുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ 2017 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വരവ് ചെലവ് അംഗീകരിക്കുന്നത് മെയ് മാസത്തിലാണ്. ധനവിനിയോഗം കുറ്റമറ്റ രീതിയിൽ പ്രാവർത്തികമാക്കുന്നതിന് സർക്കാർ സമയാസമയങ്ങളിൽ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽക്യത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും സർക്കുലർ നം.58725/എഫ്.എം.3/2008/തസ്വ.ഭ.വ /2.5.2011പ്രകാരം സർക്കാർ നേരത്തെ നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ നഗരസഭ ഇപ്പോഴും തനതുഫണ്ടിനായി സിൻഡിക്കേറ്റ് ബാങ്കിലും (അക്കൗണ്ട് നം.44142010000018) കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിലും (അക്കൗണ്ട് നം.609) സൂക്ഷിച്ചുവരുന്നു.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവുവന്ന തുകകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനമില്ല. ചെക്ക് &ഡ്രാഫ്റ്റുകൾ ബാങ്കിൽ കളക്ഷനയച്ച് അക്കൗണ്ടിൽ വരവു പിടിക്കുന്നതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല ചെലവിനത്തിൽ നൽകപ്പെടുന്ന ചെക്കുകൾ മാറിയെടുക്കുന്നതുവരെ നിരീക്ഷിക്കപ്പെടുന്നില്ല. പർച്ചേസുകളുമായി ബന്ധപ്പെട്ട പേമെന്റുകൾ നടത്തുന്നതിനുമുമ്പേ ശരിയായ രീതിയിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. ഉദാ: സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനവുമായി വെച്ച കരാറുകളിൽ ഉടമ്പടി ഒപ്പുവെച്ച തീയതി, സെക്രട്ടറിയുടെ ഒപ്പ്, എഗ്രമെന്റ് നം. എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇതുപോലെ പല ഉടമ്പടികളും അപൂർണ്ണമാണ്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും നഗരസഭ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ കാലികമാക്കുന്നില്ല. പല ആസ്തികളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ നിർമ്മാണ പ്രവൃത്തികളുടെ അളവുപുസ്തകത്തിൽ പലതിലും മെമ്മോ ഓഫ് പേമെന്റ് രേഖപ്പടുത്തിയിട്ടില്ല.

നഗരസഭയിൽ ചെയർമാന്റെയും ഓഫീസ് ആവശ്യത്തിനുമായി രണ്ട് വാഹനങ്ങൾ നിലവിൽ ഉപയോഗിച്ചു വരുന്നു. ഈ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നഗരസഭയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ചെയർപെഴ്സന്റെ വാഹനം ചെയർപെഴ്സന്റെ വീട്ടിലും, ഓഫീസ് വാഹനം ഡെ. ചെയർപെഴ്സന്റെ വീട്ടിലുമാണ് രാത്രി കാലങ്ങളിൽ സൂക്ഷിക്കുന്നത്. 2000- ലെ കേരള മുൻസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസ് സെക്രട്ടറി ആയിരിക്കുന്നതാണ്. ചട്ടം 8 (4) പ്രകാരം വാഹനങ്ങൾ മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്യാരേജിൽ നിന്നും വാഹനങ്ങൾ അനധികൃതമായി പുറത്തു കൊണ്ടു പോകുന്നത് തടയുന്നതിന് ആവശ്യമായ ഏർപ്പാടുകളും കസ്റ്റോഡിയൻ ഓഫീസർ ചെയ്യേണ്ടതാണെന്ന് ചട്ടം നിഷ്ക്കർഷിക്കുന്നു. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുന്നതിന് നഗരസഭാ കൗൺസിൽ നടപടി സ്വീകരിച്ചിട്ടില്ല.(ഖണ്ഡിക 3- 31 കാണുക )

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും ധനപരമായ

ഇടപാടുകളിൽ മേൽനോട്ടം വഹിക്കുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.8.2015 മുതൽ 17.8.2015 വരെ | 1.6.2015 മുതൽ 31.7.2015 വരെ | 15.10.2015 ( നം.സി 2-12567/15 /8.10.15) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.7.2017 മുതൽ 2.8.2017 വരെ | 2012-13 മുതൽ 2016-17 വരെ | 16.9.2017 [നം.എൽ.ബി.എ.(എച്ച്.ക്യൂ)VI/8A-2661/149/5.9.17] |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. Treasury Own Fund VPFA-1_2 അക്കൗണ്ട് മുന്നിരിപ്പ്, നീക്കിയിരിപ്പ് 6449/- രൂപ. ഇത് സാധൂകരിക്കുന്നതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ചുവടെ ചേർക്കുന്ന ഡിമാന്റ് രജിസ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

എ) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ

ബി) വസ്തുനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

സി) തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ

ഡി) തൊഴിൽനികുതി കുടിശ്ശികഡിമാന്റ് രജിസ്റ്റർ

ഇ) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ

എഫ്) വിനോദ നികുതി രജിസ്റ്റർ

3. ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷികസംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായില്ല.

എ) ബിൽഡിംഗ് പെർമിറ്റ് ഫീസ്

ബി) ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ(പൂർത്തീകരിച്ചിട്ടില്ല)

സി) ഡി & ഒ ലൈസൻസ് ഫീസ്

ഡി) മുൻകൂർ രജിസ്റ്റർ

ഇ) ഡെപ്പോസിറ്റ് രജിസ്റ്റർ

എഫ്) ബസ്റ്റാൻഡ് ഫീ, കംഫർട്ട് സ്റ്റേഷൻ, ബസ്റ്റാൻഡ് പരസ്യം- രജിസ്റ്ററുകൾ

ജി) പരസ്യ നികുതി രജിസ്റ്റർ

എച്ച്) ടെണ്ടർഫോം രജിസ്റ്റർ

ഐ) കമ്മ്യൂണിറ്റി ഹാൾ, സ്റ്റേഡിയം& ഓപ്പൺ എയർ സ്റ്റേജ്, കോൺഫറൻസ് ഹാൾ- രജിസ്റ്ററുകൾ

4. റീകൺസിലിയേഷൻ പത്രികകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

5. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല

6. ഡേ ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7. നഗരസഭയുടെ തനത് ഫണ്ട് സൂക്ഷിക്കുന്ന കൊടുവള്ളി സർവീസ് സഹകരണ ബാങ്ക് 609 നമ്പർ അക്കൗണ്ടിന്റെ 31.3.2018 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ കലക്ഷനു വേണ്ടി നല്കിയ താഴെപ്പറയുന്ന ചെക്കുകൾ കളക്ഷനായിട്ടില്ല.

| ചെക്ക് നം / തീയതി | തുക |
|---|---|
| --/01.04.2016 | 627 |
| 042382/02.03.2016 | 10,000 |
| 048250/19.11.2016 | 1,226 |
| ലഭ്യമല്ല | 773 |
| 009882/08.2.2014 | 15,000 |
| 697853/30.09.2014 | 450 |

8. താഴെപ്പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുകകൾ ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും

പിൻവലിക്കപ്പെടാതെയിരിക്കുകയാണ്. 3 മാസ കാലാവധി കഴിഞ്ഞ ഇവ ബാങ്കിൽ നിന്നും

പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തി Liability in respect of stale cheque എന്ന

ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം / തീയതി | തുക |
|---|---|
| 31803/31.03.2015 | 8,895 + 1778 |
| --/17.11.2016 | 1,400 |

| | |
|---|---|
| 048250/19.11.2016 | 1,226 |
| 047015/18.08.2016 | 450 |
| 047016/18.08.2016 | 705 |
| 046135/04.07.2016 | 319 |
| 046136/04.07.2016 | 700 |
| 042382/02.03.2016 | 10,000 |
| 31814/6.4.2015 | 3,000 |
| 31762/31.3.2015 | 11,737 |
| 31824/13.4.2015 | 400 |
| 31529/16.2.2015 | 660 |
| 035729/14.09.2016 | 8,485 |
| 035738/19.09.2016 | 3,000 |

9. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട

അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

10. ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 1,60,58,614രൂപയാണ് വരവുള്ളത് എന്നാൽ

വാർഷികകണക്കിൽ 1,55,42,000 രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

<u>പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട</u>

മറ്റ് പരാമർശങ്ങൾ

1. ദുരിതാശ്വാസ നിധി അക്കൗണ്ട് നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 160261രൂപയാണ് ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 160441 രൂപ (പാസ്സ് ബുക്കിൽ CB രേഖപ്പെടുത്തിയിരിക്കുന്നത് 160261. എന്നാൽ പ്രോഗ്രസ്സീവ് ടോട്ടൽ രേഖപ്പെടുത്തിയതിൽ അപാകതയുണ്ട്.)

2. നഗരസഭയിലെ മുഴുവൻ ആസ്തികളും മൂല്യ നിർണ്ണയം ചെയ്ത് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. എല്ലാ പദ്ധതികളുടെയും ചെലവ് , IKM ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം(327/18).

4. വൗച്ചർ നമ്പർ ക്രമത്തിൽ/ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭാ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്കു നൽകുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഗുരുതരമായ വീഴ്ചകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി ആകെ 68 മുറികൾ നിലവിൽ വാടകക്ക് നൽകിവരുന്നുണ്ട്. മുറികൾ വാടകക്ക് നൽകുന്നതിലും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1.വാടക കെട്ടിടങ്ങളുടെ ബൈലോയ്ക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയില്ല.

കൊടുവള്ളി ഗ്രാമ പഞ്ചായത്തായിരുന്ന കാലയളവിൽ നിലവിലുള്ളവയാണ് എല്ലാ വാടക കെട്ടിടങ്ങളും. എന്നാൽ പഞ്ചായത്ത് വാടക കെട്ടിടങ്ങൾക്ക് ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാരുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

കൊടുവള്ളി ഗ്രാമ പഞ്ചായത്ത് 01.11.2015 ന് മുനിസിപ്പാലിറ്റി ആയി ഉയർത്തിയതിന് ശേഷം, കൗൺസിലിന്റെ 04-07-17ലെ തീരു. 46/17 പ്രകാരവും, 21-10-17 ലെ 10 ാം നമ്പർ തീരുമാനപ്രകാരവും വാടക ബൈലോ അന്തിമമായി അംഗീകരിച്ചുവെങ്കിലും സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനായി നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി സെക്ഷൻ 572(1) പ്രകാരം ബൈലോ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. ഇതിനാൽതന്നെ ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ

ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്നു.

2. നിയമ വിരുദ്ധമായി വാടക മുറികൾ ലേല നടപടികൾ സ്വീകരിക്കാതെയും ഡെപ്പോസിറ്റ് ഒഴിവാക്കി നൽകിയും വാടകയിൽ ഇളവ് അനുവദിച്ചും സ്വകാര്യ സ്ഥാപനത്തിന് കൈമാറി

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സുകളിലെ 3/370B,3/370C എന്നീ രണ്ട് മുറികൾ കാരുണ്യ നീതി മെഡിക്കൽസ് തുടങ്ങുന്നതിനായി ഫീനിക്സ് പെയിൻ & പാലിയേറ്റീവ് എന്ന സ്വകാര്യ സ്ഥാപനത്തിന് 17-03-14 ലെ കൊടുവള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം നം.3 പ്രകാരം ഡെപ്പോസിറ്റ് ഇല്ലാതെ ഓരോ റൂമിനും 1250/- രൂപ വീതം വാടക ഈടാക്കി അനുവദിക്കുന്നതിനും ഇതിന് സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളി മുനിസിപ്പൽ സെക്രട്ടറി ശ്രീ.ബാബുപ്രസാദ്.ബി തന്റെ 09-11-2016 ലെ B4/1888/16(4) ാം നമ്പർ ഉത്തരവിലൂടെ അനുവദിച്ചുനല്കി.

ഈ ഉത്തരവിൽ 2015-16 മുതൽ ടി മുറികൾ തുറന്ന് പ്രവർത്തിച്ചുവരുന്നതിനാൽ നാളിതുവരെയുള്ള വാടക മുറി ഒന്നിന് 2015-16 ൽ പ്രതിമാസം 1250/-രൂപ നിരക്കിലും 2016-17 ൽ 5% വർദ്ധിപ്പിച്ച നിരക്കിലും ഈടാക്കുന്നതിനും ഡെപ്പോസിറ്റ് സംബന്ധിച്ച് നിർദ്ദേശം വരുന്നമുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും പറയുന്നു. എന്നാൽ ഇത് സംബന്ധിച്ച് നാളിതുവരെ സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയോ തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ അനുമതി ലഭ്യമാക്കിയതിന്റെയോ ഫയലുകളോ രേഖകളോ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൊടുവള്ളി മുനിസിപ്പാലിറ്റി ആയി നിലവിൽ വന്ന് ഒരു വർഷത്തിന് ശേഷമാണ് നഗരസഭാ സെക്രട്ടറി, കൊടുവള്ളി ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സ്ഥാപനത്തിന് അനധികൃതമായി മുറികൾ അനുവദിച്ച് ഉത്തരവിറക്കിയത്. എന്നാൽ ഈ നടപടി നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ കൗൺസിലോ നാളിതുവരെ പരിശോധിച്ചിട്ടില്ല.

ഈ മുറികളിൽ കാരുണ്യ നീതി മെഡിക്കൽസ് തുടങ്ങുന്നതിനാണ് ഇളവ് അനുവദിച്ചതെങ്കിലും ഇവിടെ ഫീനിക്സ് പെയിൻ & പാലിയേറ്റീവ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ പേരിലുള്ള സ്വകാര്യ ഇംഗ്ലീഷ് മരുന്ന് ഷോപ്പും സ്വകാര്യ ഡോക്ടർമാരുടെ കൺസൽട്ടിംങ്ങ് റൂമുമാണ് നാളിതുവരെയും പ്രവർത്തിച്ച് വരുന്നത്.

വാടക രജിസ്റ്റർ 2015-16,2016-17, വാടക എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ നിന്നും ഈ സ്ഥാപനം 01/04/2015 തീയതിയിൽ പഞ്ചായത്തുമായി വാടക കരാറിൽ ഏർപ്പെട്ടെങ്കിലും 2016 ഏപ്രിൽ മുതലാണ് വാടക അടവാക്കിതുടങ്ങിയത്. 2015-16 ലെ ( ഒരു വർഷത്തെ ) വാടക കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴെ നിലയിൽ മുന്നിലായി സ്ഥിതിചെയ്യുന്ന ഈ മുറികളോട് ചേർന്ന് സ്ഥിതി ചെയ്യുന്ന അബ്ദുൾ ഖാദർ, മേപ്പാല എന്നവർ വാടകയ്ക്ക് എടുത്തിരിക്കുന്ന 3/370A നമ്പർ മുറിയ്ക്ക് മാസവാടകയായി 19145/- രൂപയാണ് 2018-19 ൽ ഈടാക്കി വരുന്നത് (ഈ മുറിയുടെ ഡെപ്പോസിറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല). ഇത്രയും വലിയ തുക തൊട്ട് അടുത്തുള്ള മുറിയ്ക്ക് മാസവാടകയായി ലഭിക്കുമ്പോൾ അനധികൃതമായി വലിയ ഇളവുകൾ അനുവദിക്കപ്പെട്ട ഈ മുറികളുടെ വാടകയിനത്തിലും ഡെപ്പോസിറ്റ് ഇനത്തിലും നാളിതുവരെയായി വലിയ തുക നഷ്ടപ്പെടാനിടയായതായി വ്യക്തമാകുന്നു.

കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 215 ന് വിരുദ്ധമായും സർക്കാർ അനുമതി ഇല്ലാതെയും സ്വകാര്യ സ്ഥാപനത്തിന് ഇളവുകൾ നൽകി.

3. <u>നിയമ വിരുദ്ധമായി വാടക കെട്ടിടങ്ങൾ ക്വട്ടേഷൻ വിളിച്ച് നൽകി</u>

കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 215(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള, വ്യാപാരത്തിനുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതാണ്. എന്നാൽ ഇങ്ങനെ അനുവദിക്കുന്നത് പരസ്യ ലേലമൊ ടെണ്ടർ മുഖാന്തിരമോ മാത്രമേ പാടുള്ളൂ എന്നും വ്യക്തമാക്കുന്നു.

കൊടുവള്ളി നഗര സഭയുടെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ കംഷോപ്പിംഗ് കോംപ്ളക്സിലെ 9 മുറികൾ ( 3/370T, 3/370A1, 3/370S,3/370X, 3/370Y, 3/370R, 3/370f, 3/370v, 3/370"o") വാടകയ്ക്ക് നൽകാനായി ക്വട്ടേഷൻ വിളിക്കുന്നതിന് 25/5/16 ന് ചേർന്ന കൗൺസിലിന്റെ 81(1) നമ്പർ തീരുമാന പ്രകാരം സെക്രട്ടറി ചന്ദ്രിക ദിനപ്പത്രത്തിൽ പരസ്യം നൽകുകയും 29-05-16, 24-06-16,22-07-16 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം ലഭിച്ച ക്വട്ടേഷനുകൾക്ക് കൗൺസിൽ അംഗീകാരം നൽകുകയുണ്ടായി.ഇതു കൂടാതെ കൗൺസിലിന്റെ 27-05-17 ലെ 5ാം നമ്പർ തീരുമാനപ്രകാരം 3/370w നമ്പർ മുറിയും 05-06-17 ലെ മാതൃഭൂമി പത്രത്തിൽ ക്വട്ടേഷൻ പരസ്യം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ക്വട്ടേഷൻ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്രട്ടറി മേൽ പരാമർശിച്ച 10 മുറികളുടേയും വാടകക്കാരുമായി കരാറിലേർപ്പെട്ട് മുറികൾ വാടകയ്ക്ക് നൽകിയതായും കാണുന്നു.

4. <u>വാടക ഡെപ്പോസിറ്റ് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല.</u>

നഗരസഭയുടെ ഉടമസ്ഥതയിലുള്ള നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന 68 മുറികളിൽ 2016-17 ൽ വാടകയ്ക്ക് നൽകിയ 9മുറികളുടെയും, 2017-18 ൽ വാടകയ്ക്ക് നൽകിയ ഒരു മുറിയുടേയും മാത്രമാണ് വാടകക്കാർ ഒടുക്കേണ്ടതായ ഡെപ്പോസിറ്റ് എത്ര എന്ന് രേഖപ്പെടുത്തിയ കരാർ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള 58 മുറികളുടെ വാടകക്കാരുടെ ഡെപ്പോസിറ്റ് തുക എത്ര എന്ന് സൂചിപ്പിക്കുന്ന വാടകക്കരാറോ, ഈടാക്കിയ

ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക എത്ര പേരിൽ നിന്നും ഈടാക്കുവാനുണ്ട് എന്നതിനെ സംമ്പന്ധിച്ചോ ആധികാരികമായ യാതൊരു രേഖയും മുനിസിപ്പാലിറ്റി ഹാജരാക്കിയിട്ടില്ല.

2017-18 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ വാടക ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ 4677564/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ 2015-16,2016-17 എന്നിവ പരിശോധിച്ചതിൽ 2016-17 ൽ വാടകയ്ക്ക് നൽകിയ ചുവടെ പട്ടികയിൽ കൊടുത്ത 9 മുറികളുടേയും 2017-18 ൽ വാടകയ്ക്ക് നൽകിയ ഒരു മുറിയുടേയും ഡെപ്പോസിറ്റ് മാത്രമാണ് ഈടാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 3/370F നമ്പർ മുറിയുടെ വാടകക്കാരിയായ ശ്രീമതി. സൈനബ.എ.വി, അപ്പക്കാട്ടിൽ എന്നവരുടെ ഡെപ്പോസിറ്റ് തുകയായ രണ്ട് ലക്ഷം രൂപയിൽ ഒരു ലക്ഷം രൂപ ഒടുക്കിയതായി കാണുന്നുണ്ട്. ബാക്കി ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈടാക്കിയതായി കാണുന്നില്ല. ലഭ്യമായ എഗ്രിമെന്റ് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുടെ വിശദാംശം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്ര.നം | കെട്ടിട നമ്പർ | വാടകക്കാരൻ | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1 | 3/370 T | ഹുസൈൻ.എ.കെ | 50000 |
| 2 | 3/370 A1 | റോസ്ന.സി.പി | 50000 |
| 3 | 3/370 S | ഹുസൈൻ.എ.കെ | 50000 |
| 4 | 3/370 X | സാബിറ | 132000 |
| 5 | 3/370 Y | റോസ്ബിൻ നജീബ് | 811000 |
| 6 | 3/370 R | ജംഷിത | 305000 |
| 7 | 3/370 F | സൈനബ.എ.വി | 200000 |
| 8 | 3/370 V | ജംഷിത | 50000 |
| 9 | 3/370 O | ആശാലത.സി.കെ | 55000 |
| 10 | 3/370W | ഷറഫുദ്ദീൻ | 127000 |
| | ആകെ | | 1100100 |

വാടക രജിസ്റ്റർ 2013-14 മുതൽ 2017-18 വരെ പരിശോധിച്ചതിൽ മുറിയുടെ ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1/2018-19 ന് മറുപടിയായി, വാടക ഡെപ്പോസിറ്റ് സംബന്ധിച്ച രജിസ്റ്ററുകളോ എഗ്രിമെന്റുകളോ പഞ്ചായത്ത് കൈമാറി നൽകിയിട്ടില്ല എന്നും വാടകക്കാർ ലൈസൻസ് പുതുക്കി കിട്ടുന്നതിന് വാടക അടക്കുവാൻ വരുമ്പോൾ റവന്യൂ ഇൻസ്പെക്ടർ വിവരങ്ങൾ നേരിട്ട് ശേഖരിച്ച് വരികയാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. മുൻ വർഷങ്ങളിൽ വാടകക്കാർ ഡിപ്പോസിററ് തുക തിരികെ

വാങ്ങിയിട്ടുണ്ടോയെന്നും വാടക കുടിശ്ശികയിലേക്ക് ഡിപ്പോസിററ് തുക അഡ്ജസ്ററ് ചെയ്തിരുന്നോയെന്നും രേഖകളുടെ അഭാവത്തിൽ ഉറപ്പുവരുത്താൻ സാധ്യമല്ല.

കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സിലെ മുപ്പതോളം മുറികളിൽ പത്തോളം മുറികൾക്ക് മാത്രമായി 1100100/- ഡെപ്പോസിററ് ഉണ്ടായിരിക്കെ അഞ്ച് ഷോപ്പിംഗ് കോംപ്ളക്സുകളിലായി സ്ഥിതി ചെയ്യുന്ന 58 മുറികളുടെ ഡെപ്പോസിറ്റ് തുകയെ സംബന്ധിച്ച് കൃത്യമായ ഒരു വിവരവും മുനിസിപ്പാലിറ്റി ലഭ്യമാക്കിയിട്ടില്ല എന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു.

5. <u>വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല</u>

കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ 2017-18 വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകയിനത്തിലെ ഡിമാന്റ് 1878184/- രൂപയാണ്. എന്നാൽ ഇതിൽ 681676/- രൂപ വാടകയിനത്തിലും 121472/- രൂപ സർവീസ് ടാക്സ്/ ജി.എസ്.ടി ഇനത്തിലും നാളിതുവരെ ഈടാക്കിയിട്ടില്ല. 2016-17 വർഷത്തെ വാടക കുടിശ്ശികയായി 15316/- രൂപയും ഈടാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര.നം | കെട്ടിട നമ്പർ | വാടകക്കാരൻ | 2016-17 ലെ വാടക കുടിശ്ശിക | 2017-18 ലെ വാടക കുടിശ്ശിക | സർവീസ് ടാക്സ്/ ജി.എസ്.ടി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 10/338D | അഹമ്മദ് കുട്ടി,കളത്തിങ്ങൽ | | 1268 | 228 |
| 2 | 3/370 | ദാസൻ, പറക്കോടൻ | | 9912 | 1785 |
| 3 | 3/784 | എ.കെ.അസ്സയിൻകുട്ടി, ആയിരം കുറവങ്ങൽ | | 4149 | 747 |
| 4 | 3/790 | എം.കെ.മുഹമ്മദ്,കുന്നത്ത് | | 7972 | 1435 |
| 5 | 3/348 | റഷീദ്.പി.കെ,അപ്പക്കാട്ടിൽ | | 1719 | 310 |
| 6 | 3/352 | ആമിന | | 518 | 94 |

| | | | | | |
|---|---|---|---|---|---|
| | | ഹജ്ജുമ്മ,ഇയ്യോത്തിയിൽ | | | |
| 7 | 3/783B | പി.ടി.അബ്ദുൾ റസാഖ്,മാക്കപ്പറമ്പിൽ | | 10728 | 1932 |
| 8 | 3/783 | ജമീല, എടക്കുനി | | 2114 | 382 |
| 9 | 3/370J | ജാഫർ.കെ,കൊല്ലരാട്ടുമ്മൽ | | 47406 | 8532 |
| 10 | 3/370A | അബ്ദുൾ ഖാദർ,മേപ്പാല | | 145864 | 26256 |
| 11 | 3/370G | അബ്ദുൾ ഹക്ക്,റിയാസ്,അബ്ദുറഹിമാൻ, വാഴപ്പുറത്ത് | | 34728 | |
| 12 | 3/370H | " | | 34728 | |
| 13 | 3/370I | " | | 34728 | |
| 14 | 3/370L | " | | 34728 | |
| 15 | 3/370M | " | | 34728 | |
| 16 | 3/370N | " | | 34728 | |
| 17 | 3/370U | സൗദ മുഹമ്മദ്, മൂത്തേടത്ത് | | 13032 | 2349 |
| 18 | 3/370Z | സൈനബ, വെള്ളങ്ങോട്ട് | | 13032 | 2349 |
| 19 | 3/370D | അബ്ദുൾ മുനീർ, അപ്പക്കാട്ടിൽ | | 20260 | 3650 |
| 20 | 3/370E | സൈനബ,അപ്പക്കാട്ടിൽ | | 20260 | 3650 |

| | | | | | |
|---|---|---|---|---|---|
| 21 | 3/691 | ഇമ്പിച്ചി കോയക്കുട്ടി | | 683 | 123 |
| 22 | 3/689 | അബ്ദുൾ റഹിമാൻ.കെ.കെ, കാരമ്പാട്ട് കുഴിയിൽ | | 2220 | 400 |
| 23 | 3/688 | ആര്.സി.റസാഖ് | | 5663 | |
| 24 | 3/683 | വി.വിജയൻ, പൂളക്കൽ | | 550 | 99 |
| 25 | 3/370S | ഉസൈൻ.എ.കെ, ആച്ചംകണ്ടിയിൽ | | 18900 | |
| 26 | 3/370T | “ | | 12600 | 2289 |
| 27 | 3/370A1 | റോസിന.സി.പി, ചെമ്പ്രക്കാട്ട്പൊയിൽ | | 13236 | |
| 28 | 3/370 O | ആശാലത.സി.കെ, ഐശ്വര്യ | | 2626 | 473 |
| 29 | 3/370 R | ജംഷിത, അരീപ്രം വീട്ടിൽ | | 41016 | |
| 30 | 3/370V | “ | | 13236 | |
| 31 | 3/370Y | റോസ്ബിൻ നജീബ്.ഒ.കെ, ഒറ്റ്പുറംകണ്ടത്തിൽ | | 29616 | |
| 32 | 3/370F | സൈനബ, അപ്പക്കാട്ടിൽ | 13780 | 34728 | 7174 |
| 33 | 3/694 | എ.പി.മൂസ്സ,സെക്രട്ടറി, | 1536 | | 230 |

| | | | | | |
|---|---|---|---|---|---|
| | | കുന്നത്ത് ലേബർ സൊസൈറ്റി | | | |
| | | ആകെ | 15316 | 681676 | |

മേൽ പട്ടികയിൽ വാടകകെട്ടിടങ്ങളുടെ ജൂൺ വരെയുള്ള സർവ്വീസ് ടാക്സും ജൂലായ് മുതൽ മാർച്ച് വരെയുള്ള ജി.എസ്.ടി യിലും ചേർന്ന കുടിശ്ശിക തുകയാണ് ചേർത്തിരിക്കുന്നത്. ഇതിൽ 2017-18 ജൂലായ് മുതൽ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് ജി.എസ്.ടി മാത്രമാണ് ഉൾപ്പെടുന്നത്.

ആകെയുള്ള 68 മുറികളിൽ 33 മുറികളുടേയും മുഴുവൻ വാടകയും ഓഡിറ്റ് പിരീഡ് വരെയും പിരിച്ചെടുത്തിട്ടില്ല. വാടക തുടർച്ചയായി ഒടുക്കാത്തവരുടെ കുടിശ്ശിക, ഡെപ്പോസിറ്റ്/അഡ്വാൻസിൽ നിന്നും ഈടാക്കി മുറി ഒഴിപ്പിച്ച് പുനർ ലേലം നടത്തുകയോ വാടക കൃത്യമായി പിരിച്ചെടുക്കുകയോ ചെയ്യാതെ ലക്ഷങ്ങൾ കുടിശ്ശികയായി തുടരുന്നു. ഇത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൽ നൽകുകയോ, നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

6. <u>മുനിസിപ്പാലിറ്റി അന്തിമമായി അംഗീകരിച്ച വാടക ബൈലോയ്ക്ക് വിരുദ്ധമായി തുക അനുവദിച്ചു.</u>

കൗൺസിലിന്റെ 21-10-17 ലെ തീരു. 10 പ്രകാരം , സർക്കാരിൽ നിന്നും അംഗീകീരം വാങ്ങുന്നതിന് സമർപ്പിക്കുന്നതിനായി അന്തിമമായി അംഗീകരിച്ച വാടക ബൈലോയിലെ ഖണ്ഡിക 9 പ്രകാരം, വാടകയ്ക്ക് നൽകുന്ന കെട്ടിടത്തിന്റെയും അതിനോട് ചേർന്നുള്ള നിർമ്മിതികളുടെയും അകവും പുറവും അതിന്റെ മതിൽ ഭിത്തികളും വേലികളും അതിലുള്ള അഴുക്ക് ചാലുകളും, മൺ പൈപ്പുകളും മറ്റ് കുഴലുകളും ശുചീകരണത്തിനും ജല ഉപയോഗത്തിനുമുള്ള ഉപകരണങ്ങൾ , ഇലക്ട്രിക് ഫിറ്റിങ്ങുകൾ, അനുബന്ധ വസ്തുക്കൾ എന്നിവയും, വാടകയ്ക്ക് നൽകത്തക്കവിധം നന്നായും, കൈവശക്കാരൻ അറ്റകുറ്റപണികൾ ചെയ്ത് സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 01/11/17 ലെ തീരു.01 പ്രകാരം ശ്രീ. കെ.കെ സത്യൻ, മുത്താലത്ത് കുഴിയിൽ എന്നവർ വാടകക്കാരനായ 3/354 ാം നമ്പർ മുറിയിലെ മലിനജലം ലീക്ക് വന്നത് നന്നാക്കിയവകയിൽ 8053/- അനുവദിക്കുന്നതിന് തീരുമാനിക്കുകയും 2017 നവംമ്പർ മാസത്തെ 21700541 ാം നമ്പർ വൗച്ചർ പ്രകാരം മേൽ തുക അനുവദിക്കുകയും ചെയ്തിരുന്നു. ഈമുറിയുടെ വാടകക്കാരനായ ശ്രീ.കെ.കെ.സത്യൻ 19-07-2017 തീയതിയിൽ സമർപ്പിച്ച വാടക പുതുക്കുന്നതിനുള്ള എഗ്രിമെന്റിലെ ഖണ്ഡിക 4 ലും വാടക ബൈലോയിലെ മേൽ പരാമർശിച്ച ഖണ്ഡിക 9 പ്രകാരമുള്ള നിബന്ധന ഉൾപ്പെട്ടതാണ്. വാടക ബൈലോയിലും വാടക കരാറിലും ഉള്ള നിബന്ധനയ്ക്ക് വിരുദ്ധമായി തുക അനുവദിച്ചിട്ടുണ്ട്.

7. <u>വാടക എഗ്രിമെന്റ് വെക്കുന്നതിൽ നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി</u>

2016-17 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയ 9 മുറികൾ വാടകയ്ക്ക് എടുത്തവരുമായി അന്നത്തെ സെക്രട്ടറി ശ്രീ.ബാബു പ്രസാദ്.ബി എന്നവർ ഒപ്പുവച്ച വാടക കരാറിലും, 2017-18 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയ ഒരു മുറി വാടകയ്ക്ക് എടുത്തവരുമായി അന്നത്തെ സെക്രട്ടറി ശ്രീമതി.വൃജ.എൻ.കെ എന്നവർ ഉണ്ടാക്കിയ വാടക കരാറിലും നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ വച്ചതായി കാണുന്നു.

ഈ കരാറിലെ ഖണ്ഡിക 8 പ്രകാരം വാടകക്കാരൻ (2ാം കക്ഷി) അടവാക്കിയ മുൻകൂർ തുക, ഉടമ്പടി പ്രാബല്യത്തിൽ വന്ന് 5 വർഷത്തിന് ശേഷം നിയമാനുസൃതം സെക്രട്ടറിയിൽ (1ാം കക്ഷി)നിന്നും തിരികെ വാങ്ങാവുന്നതാണ് എന്ന് വ്യവസ്ഥ വച്ചിരിക്കുന്നു.എന്നാലിത് മുറികൾ വാടകയ്ക്ക് നൽകുന്നതിനായി വിളിച്ച ക്വട്ടേഷൻ പരസ്യത്തിലോ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ, അംഗീകൃത ബൈലോയുടെ അടിസ്ഥാനത്തിലോ അല്ല സെക്രട്ടറി കരാറിലേർപ്പെട്ടത്. ഇപ്രകാരം കരാറിലേർപ്പെട്ടവരുടെ വിശദാംശം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രം.നം | കെട്ടിട നമ്പർ | വാടകക്കാരൻ | കരാറിലേർപ്പെട്ട സെക്രട്ടറി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | 3/370 T | ഹുസൈൻ.എ.കെ | ബാബുപ്രസാദ്. ബി | 50000 |
| 2 | 3/370 A1 | റോസ്ന.സി.പി | “ | 50000 |
| 3 | 3/370 S | ഹുസൈൻ.എ.കെ | “ | 50000 |
| 4 | 3/370 X | സാബിറ | “ | 132000 |
| 5 | 3/370 Y | റോസ്ബിൻ നജീബ് | “ | 811000 |
| 6 | 3/370 R | ജംഷിത | “ | 305000 |
| 7 | 3/370 F | സൈനബ.എ.വി | “ | 200000 |
| 8 | 3/370 V | ജംഷിത | “ | 50000 |
| 9 | 3/370 O | ആശാലത.സി.കെ | “ | 55000 |

| | | | | |
|---|---|---|---|---|
| 10 | 3/370W | ഷറഫുദ്ദീൻ | വ്യജ.എൻ.കെ | 127000 |
| | ആകെ | | | 1100100 |

ഈ കരാർ പ്രകാരം മുറി ഒഴിയാതെ ഡെപ്പോസിറ്റ് തുക തിരികെ നൽകുമ്പോൾ, കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 215(8) പ്രകാരം വാടകയിനത്തിലോ കെട്ടിടത്തിന്റെ മറ്റ് ഭൗതിക തകരാറുകൾ മൂലമോ ഉണ്ടാവുന്ന നഷ്ടങ്ങൾ വാടകക്കാരിൽ നിന്നും ഈടാക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് സാധിക്കാതെവരുകയും ഡെപ്പോസിറ്റ് തുകയുടെ വാർഷിക പലിശയിനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടപ്പെടാൻ ഇടയാക്കുകയും ചെയ്യുന്നു.

8. <u>വാടക കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകിയില്ല.</u>

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ 5 ഷോപ്പിംങ്ങ് കോംപ്ളക്സുകളിലായി ആകെ 68 മുറികൾ നിലവിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ മുറികൾ ഏതൊക്കെ ഷോപ്പിംഗ് കോംപ്ലക്സുകളിലാണ് സ്ഥിതിചെയ്യുന്നത് എന്ന് വ്യക്തമാകുന്ന രീതിയിലല്ല വാടക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത്. കെട്ടിട നമ്പർ രേഖപ്പെടുത്തിയതല്ലാതെ മുറികൾ ഏത് കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല.

9. <u>വാടക കരാർ പുതുക്കുന്നതിൽ വീഴ്ച</u>

2017-18 ൽ ആകെയുള്ള 68 വാടക ക്കെട്ടിടങ്ങളിൽ 36 വാടകക്കാർ മാത്രമാണ് വാടക പുതുക്കുന്നതിനായി കരാർ പത്രം മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 14 പേരുടെ കരാറുകളിൽ മാത്രമാണ് സെക്രട്ടറി ഒപ്പുവച്ചിട്ടുള്ളത്. 2016-17 ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് ഖണ്ഡിക 2-12 ൽ പരാമർശിച്ചിട്ടും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ കൗൺസിലോ ഇത് പരിശോധിക്കുകയോ അപാകത പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നം.31/17-18/3.10.2018)മറുപടി ലഭിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിററി നിയമം സെക്ഷൻ 22 (B) ( a) പ്രകാരം നഗരസഭയുടെ നികുതി, ഫീസ്,വാടക,മറ്റുവരവുകൾ എന്നിവ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് യഥാസമയം പിരിച്ചെടുക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിററിയാണ്. പ്രതിമാസ അക്കൗണ്ടുകൾ ഓഡിററ് നടത്തി വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും, നഗരസഭക്ക് ലഭിക്കേണ്ട വരവുകൾ നഷ്ടപ്പെടുന്നില്ലെന്നും, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അത് ഈടാക്കുന്നുണ്ടെന്നും

ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ നിയമ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാടകക്കു നൽകുന്നതിലും വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന കാര്യത്തിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല.

2016-17, 2017-18 വർഷങ്ങളിൽ വാടകയിനത്തിലും ജി.എസ്.ടി.ഇനത്തിലും ഒടുക്കുവാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം നേടിയെടുക്കുന്നതിന് ഭരണതലത്തിൽ കൗൺസിൽ കാര്യമായ ഇടപെടൽ നടത്തേണ്ടതാണ്. ബൈലോയ്ക്ക് അംഗീകാരമില്ലാതെ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ അതിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിനോ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനോ കഴിയാതെ വരുന്ന സാഹചര്യം ഒഴിവാക്കേണ്ടത് അനിവര്യമാണ്. നിയമവിരുദ്ധമായി മുറികൾ ക്വട്ടേഷൻ വിളിച്ച് നൽകിയതും, വാടക കരാറിൽ 5 വർഷം കഴിഞ്ഞ് ഡെപ്പോസിററ് തിരികെ നൽകുന്നതു സംബന്ധിച്ച നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിയതും ഗുരുതരമായ കൃത്യവിലോപമാണ്. കരാർ പുതുക്കുമ്പോൾ നിയമാനുസൃതമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

കമ്മ്യൂണിററി ഷോപ്പിംഗ് കോംപ്ലക്സിലെ 3/370B, 3/370C എന്നീ മുറികൾ കാരുണ്യ മെഡിക്കൽസ് തുടങ്ങുന്നതിനായി ഡിപ്പോസിററില്ലാതെ 1250/-രൂപ പ്രതിമാസ വാടക നിശ്ചയിച്ച് 2015-16 മുതൽ വാടകക്കു നൽകിയ നടപടിക്ക് സർക്കാരിൽ നിന്നും അനുമതി വാങ്ങി കാണുന്നില്ല. മാത്രമല്ല കാരുണ്യ മെഡിക്കൽസിനായി നൽകിയ മുറി ഇപ്പോൾ സ്വകാര്യ ഇംഗ്ലീഷ് മരുന്നുഷോപ്പും ഡോക്ടർമാരുടെ കൺസൾട്ടേഷൻ റൂമുമായി ഉപയോഗിച്ചു വരുന്നു. ഈ സാഹചര്യത്തിൽ ഡെപ്പോസിററില്ലാതെ വാടക ഇളവു നൽകി മുറി അനുവദിച്ച മുൻ ഗ്രാമപഞ്ചായത്തു തീരുമാനം നഗരസഭാ കൗൺസിൽ പുന:പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല 1.4.2015 മുതൽ വാടകക്കാരനുമായി കരാർ വെച്ച് മുറികൾ തുറന്നു പ്രവർത്തിച്ച സാഹചര്യത്തിൽ 4/2015 മുതൽ 3/2016 വരെയുള്ള കാലയളവിലെ വാടക കുടിശ്ശിക പിഴപലിശ സഹിതം വാടകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാടകക്ക് നൽകുന്നതിലും, വാടക പിരിച്ചെടുക്കുന്നതിലും ,നിയമാനുസൃത കരാർ തയ്യാറാക്കി സൂക്ഷിക്കുന്നതിലും, അനുബന്ധ രേഖകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ മുറികൾ വാടകക്ക് നൽകിയപ്പോൾ വാടകക്കാരുമായുണ്ടാക്കിയ കരാറുകൾ, വാടകക്കാരിൽ നിന്നും ഈടാക്കിയ ഡിപ്പോസിററ് സംബന്ധിച്ച വിവരങ്ങൾ, വാടകകുടിശ്ശിക ഡിമാന്റ് രജിസ്ററർ, ഡിപ്പോസിററ് തുക വാടകകുടിശ്ശികയിലേക്ക് അഡ്ജസ്ററ് ചെയ്തതു സംബന്ധിച്ച വിശദാംശം, തിരികെ നൽകിയ ഡിപ്പോസിററ് തുകയുടെ വിവരം, പുതുക്കിയ

വാടകകരാറുകൾ എന്നീ പ്രധാനപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് റിക്വിസിഷൻ നം.2/17-18/ നൽകിയെങ്കിലും നഗരസഭ പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ വാടകയിനത്തിൽ നഗരസഭക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ ഓഡിററിനു സാധിച്ചിട്ടില്ല. വാടക ഡിപ്പോസിററ് ഒടുക്കിയതും പിൻവലിച്ചതും സംബന്ധിച്ച കണക്കുകൾ ലഭ്യമല്ലാത്തത് നഗരസഭക്ക് സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതിന് കാരണമാകുന്നതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/2017-18 തീ. 03/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ : കുറവു വന്ന തുക ഈടാക്കേണ്ടതാണ്

2011-12 മുതൽ 2016-17 വരെയുള്ള കാലയളവിലെ കൊടുവള്ളി നഗരസഭയിലെ വസ്തുനികുതി സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ പ്രത്യേക ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കെ.എസ്.എ.കെ.കെ.ഡി./പി14/208/2018 തീ. 02/03/2018 പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിൽ നികുതി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ഗുരുതരമായ ചുവടെ ചേർത്ത അപാകതകൾ 2017-18 ലെ വാർഷിക റിപ്പോർട്ട് പരിശോധനയിലും മുനിസിപ്പാലിറ്റിയിൽ നടന്നതായി കാണുന്നു. 2017-18 ൽ പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകളുടെ മാത്രം പരിശോധനയിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

100 ച.മീ. ന് മുകളിലുള്ള വാണിജ്യകെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകുമ്പോൾ മുനിസിപ്പാലിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്കായ 90/- രൂപയ്ക്ക് പകരം 100 ച.മീ ന് താഴെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 70/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു

2) മേഖല തെറ്റായി കണക്കാക്കുന്നു.

കംപ്ളീഷൻ പ്ളാൻ പ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നൽകുമ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം എന്ന് തെറ്റായി വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 10% കുറവ് വരാനിടയാകുന്നു.

3) കെട്ടിടത്തിലേക്കുള്ള വഴിയുടെ വീതി കുറച്ച് കാണിക്കുന്നു

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്ക് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി ഉണ്ടായിരിക്കെ നികുതി കണക്കാക്കുമ്പോൾ ഇത് 1.5 മീറ്ററോ അതിൽ കൂടുതലോ

ഉള്ള വഴി എന്ന് സഞ്ചയയിൽ തെറ്റായ വിവരം നൽകുന്നു. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട 20% വർധനവ് വരാതെ പോകുന്നു.

മേൽ പരാമർശിച്ച മൂന്ന് അപാകതകളിലൂടെയും ഉണ്ടായ നികുതി നഷ്ടത്തിന്റെ വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ. നം | കെട്ടിട നംമ്പർ | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ, നികുതി | യഥാർത്ഥ സൂചകങ്ങൾ, യഥാർത്ഥ നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| 1 | 12/535 F | ഇബ്രായി പൊൻപാറക്കൽ | വിസ്തീർണം 96.46m2<br>നിരക്ക് -70/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 7428/- | വിസ്തീർണം 96.46m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 9550/- | 2122 |
| 2 | 7/646 A,B,C,D, E,F,G,H | മുഹമ്മദലി എം.ടി, പ്രസിഡന്റ്, മുഹമ്മദലി ശിഹാബ്തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് | വിസ്തീർണം 237.15m2<br>നിരക്ക് -70/m2<br>മേഖല- 10% ഇളവ്<br>വഴി - വർദ്ധന ഇല്ല<br>നികുതി - 14940/- | വിസ്തീർണം 237.15m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 23479/- | 8539 |

| | | | | | |
|---|---|---|---|---|---|
| 3 | 9/138 C,D,E, F,G,H,J | പി.കെ.മൊയ്തീൻകുട്ടി ഹാജി, തുടിയാരിക്കണ്ടി | വിസ്തീർണം 213.56m2<br>നിരക്ക് -70/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 16445/- | വിസ്തീർണം 213.56m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 21142/- | 4697 |
| 4 | 20/400 H,N,J,K, L,M,P,Q,R,S,T,U | അഷറഫ് മുതൽ 4 പേർ, വെസ്റ്റ് വില്ല,പതിമംഗലം | വിസ്തീർണം 255.44m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 20868/- | വിസ്തീർണം 255.44m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 27588/- | 6720 |
| 5 | 18/497 E,F,G,H,J | മുഹമ്മദ് ടി.എ, താന്നിയോട്ടുമ്മൽ | വിസ്തീർണം 176.83m2<br>നിരക്ക് -70/m2<br>മേഖല- 10% ഇളവ്<br>വഴി -വർദ്ധന | വിസ്തീർണം 176.83m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന | 6366 |

| | | | | | |
|---|---|---|---|---|---|
| | | | ഇല്ല<br>നികുതി - 11140/- | നികുതി - 17506/- | |
| 6 | 19/756 A,B,C, D,E,F,G,H | ചന്ദ്രൻ മുതൽ പേർ, കായക്കൽ | വിസ്തീർണം 166.68m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 14001 | വിസ്തീർണം 166.68m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 18001 | 4000 |
| 7 | 13/156 A | സീതക്കുട്ടി, പൊൻപാറക്കൽ | ഗോഡൗൺ<br>വിസ്തീർണം 122.85m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -വർദ്ധന ഇല്ല<br>നികുതി - 9951/- | വിസ്തീർണം 122.85m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി -20% വർദ്ധന<br>നികുതി - 12163/- | 2212 |

| | | | | | |
|---|---|---|---|---|---|
| 8 | 17/389 A,B, C,D,E | അബ്ദുൽ ഗഫൂർ, ഫാറൂഖ് മൻസിൽ | വിസ്തീർണം 269.76m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 22660/- | വിസ്തീർണം 269.76m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>നികുതി - 29134/- | 6474 |
| 9 | 17/398 F,G,H,J | അബ്ദുൽ ഗഫൂർ, ഫാറൂഖ് മൻസിൽ | വിസ്തീർണം 334.13m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>ഒന്നാം നില-5% ഇളവ്<br>നികുതി - 26898/- | വിസ്തീർണം 334.13m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി -20% വർദ്ധന<br>ഒന്നാം നില-5%ഇളവ്<br>നികുതി - 34582/- | 7684 |
| 10 | 8/270A,B,C | റസിയ കൂടത്തിങ്കൽ | വിസ്തീർണം 60.32m2<br>നിരക്ക് -70/m2 | വിസ്തീർണം 60.32m2<br>നിരക്ക് -70/m2<br>മേഖല- 10% | 845 |

| | | | | | | |
|---|---|---|---|---|---|---|
| | | | മേഖല- 10% ഇളവ്<br>വഴി -വർദ്ധന ഇല്ല<br>നികുതി - 3801/- | ഇളവ്<br>വഴി -20%വർദ്ധന<br>നികുതി - 4646/- | |
| 11 | 2/462A,B | മുഹമ്മദ് ബഷീർ | വിസ്തീർണം 146.56m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി - 12311/- | വിസ്തീർണം 146.56m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി - 15828/- | 3517 |
| 12 | 1/494 A,B,C | ബഷീർ പാലക്കാം കുഴിയിൽ | വിസ്തീർണം 124.44m2<br>നിരക്ക് -70/m2<br>മേഖല- 10% ഇളവ്<br>വഴി - വർദ്ധന<br>നികുതി - 7840/- | വിസ്തീർണം 124.44m2<br>നിരക്ക് -90/m2<br>മേഖല- 10% ഇളവ്<br>വഴി - 20%വർദ്ധന<br>നികുതി -12320/- | 4480 |

| | | | | | |
|---|---|---|---|---|---|
| 13 | 16/109 C,D, E,F,G,H,I,J | കദീജ മുതൽ പേർ, മേക്കപ്പറമ്പിൽ | വിസ്തീർണം 239.1m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി 20084 | വിസ്തീർണം 239.1m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി -25823/- | 5739 |
| 14 | 16/109 K,L,M,N | കദീജ മുതൽ പേർ, മേക്കപ്പറമ്പിൽ | വിസ്തീർണം 258.88m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി 21746/- | വിസ്തീർണം 258.88m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20% വർദ്ധന<br>നികുതി 27959/- | 6213 |
| 15 | 12/359 A,B,C,D | സുലൈമാൻ, കാരാട്ട് പൊയിൽ | വിസ്തീർണം 104.96m2<br>നിരക്ക് -70/m2<br>മേഖല- 10%ഇളവ്<br>വഴി - വർദ്ധന ഇല്ല | വിസ്തീർണം 104.96m2<br>നിരക്ക് -90/m2<br>മേഖല- 10%ഇളവ്<br>വഴി - 20%വർദ്ധന<br>നികുതി | 3779 |

| | | | | | |
|---|---|---|---|---|---|
| | | | നികുതി -6612/- | -10391/- | |
| 16 | 19/849 D1 മുതൽ D19വരെ | ടി.കെ മുഹമ്മദ് അഷറഫ്, പൂറ്റേൻകുന്നമ്മൽ | വിസ്തീർണം 200.1m2<br>നിരക്ക് -70/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി -16809/- | വിസ്തീർണം 200.1m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി -21611/- | 4802 |
| 17 | 22/467 C,D,E,F,G,H, J,K,L,M,N,P,Q | കോയാമുട്ടി, മൂഴിക്കുന്നമ്മൽ | വിസ്തീർണം 280.32m2<br>നിരക്ക് -70/m2<br>മേഖല- 10%ഇളവ്<br>വഴി - 20%വർദ്ധന<br>നികുതി -21584/- | വിസ്തീർണം 280.32m2<br>നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി -30275/- | 8691 |
| 18 | 23/171 B | ഫൗസിയ, മുണ്ടൻപിലാക്കിൽ, വലിയപറമ്പ് | ഗോഡൗൺ<br>വിസ്തീർണം 777m2 | ഗോഡൗൺ<br>വിസ്തീർണം 777m2 | 6693 |

| | | | | | |
|---|---|---|---|---|---|
| | | | നിരക്ക് -90/m2<br>മേഖല- 10%ഇളവ്<br>വഴി - 20%വർദ്ധന<br>നികുതി -76923/- | നിരക്ക് -90/m2<br>മേഖല- ഇളവ് ഇല്ല<br>വഴി - 20%വർദ്ധന<br>നികുതി -83916/- | |
| 19 | 12/307 C,D,E,F,G, J,K,L,M,N | അഹമ്മദ്കുട്ടി, കരുവൻ പൊയിലിൽ | വിസ്തീർണം 277.19m2<br>നിരക്ക് -70/m2<br>മേഖല- 10%ഇളവ്<br>വഴി - വർദ്ധന ഇല്ല<br>നികുതി - 17463/- | വിസ്തീർണം 277.19m2<br>നിരക്ക് -90/m2<br>മേഖല- 10%ഇളവ്<br>വഴി - വർദ്ധന ഇല്ല<br>നികുതി -22452/- | 4989 |
| | | ആകെ | | | 98562 |

വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നൽകി നികുതി കണക്കാക്കിയപ്പോൾ മേൽപ്രകാരം നികുതിയിനത്തിൽ നഗരസഭക്ക് വന്നിട്ടുള്ള 98562/-രൂപ നഷ്ടവും സെസ്സ് ഇനത്തിലെ നഷ്ടവും ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. 2017-18, 2018-19 വർഷങ്ങളിൽ മേൽ പരാമർശിച്ച പ്രകാരം വസ്തുനികുതി കണക്കാക്കിയതിൽ സംഭവിച്ച അപാകതകൾ പുന:പരിശോധിക്കേണ്ടതും കുറവ് വന്ന നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും അപാകത ആവർത്തിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (37/2017-18 തീ.

03/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചില്ല</u>

മേൽ സൂചിപ്പിച്ച (2011-2012 മുതൽ 2016-17 വരെ) സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നഗരസഭയിൽ സൂക്ഷിച്ച് പോരുന്നില്ല എന്ന് പരാമർശിച്ച വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അസസ് മെന്റ് രജിസ്റ്റർ, unautherised construction രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ 2017-18 സാമ്പത്തിക വർഷത്തിലും മുനിസിപ്പാലിറ്റി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ എത്ര കെട്ടിടങ്ങൾ നിലവിലുണ്ട്, എത്ര കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് ചെയ്തു, ഡിമാന്റ്, കുടിശ്ശിക എന്നിവ സംമ്പന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. ഇതിനാൽ തന്നെ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന ഡിമാന്റ് ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. . സമർപ്പിക്കപ്പെട്ട വാർഷിക ധനകാര്യ പത്രിക പ്രകാരം 2017-18 ൽ 1287538/- രൂപയും 2016-17 ൽ 591701/- രൂപയും കുടിശ്ശികയുണ്ട്. ഇത് നാളിതുവരെയും ഈടാക്കിയിട്ടില്ല.

കൊടുവള്ളി, 01/11/2015 ൽ മുനിസിപ്പാലിറ്റിയായി നിലവിൽ വന്നെങ്കിലും 01/04/2016 മുതലാണ് പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി ഈടാക്കിതുടങ്ങിയത് എന്നാണ് സെക്രട്ടറി മറുപടി നൽകിയത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശം മുനിസിപ്പാലിറ്റിയായി രൂപീകരിക്കപ്പെട്ടാൽ ആ പ്രദേശത്ത് നിലവിലുള്ള നിയമങ്ങൾക്ക് കീഴിൽ ചുമത്തിയിരുന്ന എല്ലാ നികുതികൾക്കും ഫീസുകൾക്കും മറ്റ് ചാർജ്ജുകൾക്കും അതത് സംഗതി പോലെ ,രൂപീകരിക്കലിന്റെയോ ഉൾപ്പെടുത്തലിന്റെയോ തീയതിമുതൽ, പ്രാബല്യം ഇല്ലാതായി തീരുന്നതും എല്ലാ നികുതികളും ഫീസുകളും മറ്റ് ചാർജ്ജുകളും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിനനുസൃതമായി ആ പ്രദേശത്ത് ചുമത്തേണ്ടതുമാണ് കൂടാതെ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ നിയമം 25(1) പ്രകാരം ഏതെങ്കിലും പ്രദേശം ഒരു വർഷത്തിന്റെ ആരംഭംമുതൽക്കോ ഇടയ്ക്ക് വച്ചോ ഒരു മുനിസിപ്പാലിറ്റിയുടെ പ്രദേശത്തിനുള്ളിൽ ഉൾപ്പെടുത്തുകയാണെങ്കിൽ അങ്ങനെയുള്ള പ്രദേശത്തെ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥന് അതത് അർദ്ധവർഷാരംഭം മുതൽ ആ മുനിസിപ്പാലിറ്റിയ്ക്ക് ആ കെട്ടിടത്തെ സംബന്ധിച്ച് വസ്തുനികുതി നൽകാൻ ബാദ്ധ്യത ഉണ്ടായിരിക്കുന്നതുമാണ്. കൊടുവള്ളി ഗ്രാമ പഞ്ചായത്തായിരുന്ന കാലയളവിലും നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് ( ARV) 01.04.2011 മുതലും പുതിയ കെട്ടിടങ്ങൾക്ക് ( Plinth Area) 01.04.2013 മുതലുമാണ് പരിഷ്കരിച്ച വസ്തുനികുതി പ്രാബല്യത്തിൽ വരുന്നത്. മേൽ സാഹചര്യത്തിൽ 30.09.2015 ൽ അവസാനിക്കുന്ന അർദ്ധവർഷം വരെയുള്ള പരിഷ്കരിച്ച വസ്തുനികുതി ഗ്രാമപഞ്ചായത്തിന് ബാധകമായ നിരക്കിലും 01.10.2015 മുതൽ നഗരസഭക്ക് ബാധകമായ നിരക്കിലും വസ്തുനികുതി ഈടാക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(01/2017-18 തീ. 25-09-18) നല്കിയ മറുപടി പ്രകാരം, വാർഡ് തലത്തിൽ നഗരസഭാ ജീവനക്കാരെ ഉപയോഗപ്പെടുത്തി 34 വാർഡുകളിൽ നമ്പറിംങ്ങ് നടത്തുകയും ബാക്കിയുള്ള 2 വാർഡുകളിൽ നമ്പറിംങ്ങ് നടന്നുകൊണ്ടിരിക്കുകയാണ് എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.

ബാക്കിയുള്ള വാർഡുകളിൽ നമ്പറിംങ്ങ് നടത്തുകയും, കെട്ടിട ഉടമകൾക്ക് നികുതി സ്വയം നിർണ്ണയിക്കുന്നതിനായി വകുപ്പ് 203(10) പ്രകാരം നോട്ടീസ് നൽകി സമർപ്പിക്കുന്ന വിവരങ്ങളിൻമേൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഫോറം 6 പ്രകാരം നികുതി നിശ്ചയിച്ച് ഇത് സഞ്ചയ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി ഡിമാന്റ് നോട്ടീസ് തയ്യാറാക്കി കെട്ടിട ഉടമയ്ക്ക് വിതരണം നടത്തേണ്ടതുമുണ്ട്. ആക്ഷേപങ്ങൾ പരിഗണിച്ചതിന് ശേഷം നികുതി അന്തിമമായി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ ഇനിയും അവശേഷിക്കുന്നു . മുനിസിപ്പാലിറ്റി നിലവിൽ വന്ന് മൂന്ന് വർഷമാവാറായിട്ടും നികുതി പരിഷ്കരണത്തിന്റെ ആദ്യപടിയായ നമ്പറിംങ്ങ് പോലും പൂർത്തിയായിട്ടില്ല. ഈ സാഹചര്യത്തിൽ പരിഷ്കരണ നടപടികൾ പൂർത്തിയാക്കി നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് വളരെയധികം കാലതാമസമെടുക്കും. പരിഷ്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് ഓരോ വർഷവും ഭീമമായ തുക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വസ്തുനികുതി പരിഷ്കരണം നടപ്പിലാകാത്തതിനാൽ നികുതി കാലഹരണപ്പെടുന്ന സ്ഥിതിയും നില നിൽക്കുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 22(ഡി)(i) പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടെയും ഫീസുകളുടേയും വാടകകളുടേയും മറ്റ് തുകകളുടേയും യഥാ സമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽനികുതി പരിഷ്കരണത്തിന്റെ പ്രാരംഭ നടപടികൾ പോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ നികുതിയിനത്തിലെ വരുമാനത്തിൽ ലക്ഷങ്ങൾ ഓരോ വർഷവും നഷ്ടപ്പെടുന്നത് ധനകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റിയോ കൗൺസിലോ വേണ്ടത്ര പ്രാധാന്യത്തോടെ പരിഗണിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് പരിഹരിക്കുന്നതിനായി ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിനോ ആവശ്യമായ മറ്റ് സഹായങ്ങൾ ലഭ്യമാക്കുന്നതിനോ സർക്കാരിനോട് ആവശ്യപ്പെടാവുന്നതും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **2-3** കംഫർട്ട് സ്റ്റേഷനിൽ സ്ഥിരമായ ജലവിതരണത്തിന് വാട്ടർ കണക്ഷൻ ഏർപ്പെടുത്തിയില്ല- വാടകയിനത്തിൽ നഷ്ടം.

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം 2015-16 ൽ 54600/- രൂപയ്ക്കും, 2016-17 ജൂലൈ 10 മുതൽ 2017 മാർച്ച് 31 വരെ 49000/- രൂപയ്ക്കുമാണ് നൽകിയിരിക്കുന്നത്. എന്നാൽ 2017-18 ൽ ഇത് 2016-17 ൽ നൽകിയ തുകയുടെ പകുതിയിലും കുറഞ്ഞ 22000/- രൂപയ്ക്കാണ് നൽകിയിരിക്കുന്നത്.

കംഫർട്ട് സ്റ്റേഷൻ 2015-16 ൽ ലേലം കൊണ്ട ശ്രീമതി. കല്ല്യാണി എന്നിവരുടെ സ്റ്റേഷൻ നടത്തിപ്പിന് വെള്ളം വിലകൊടുത്ത് വാങ്ങേണ്ടി വന്നതിനാൽ ലേല തുകയിൽ നിന്നും 16450/- രൂപ ഇളവ് ചെയ്യണമെന്ന അപേക്ഷ നൽകിയത് പരിഗണിക്കുകയും 14-12-2015 ലെ കൗൺസിലിന്റെ 21(8) ാം നമ്പർ തീരുമാനപ്രകാരം സർക്കാർ സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ഇളവ് അനുവദിക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ 11-01-2016 ന് ബി.01/2016 -ാം നമ്പർകത്ത് സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കുകയും ചെയ്തതാണ്. ഇതിൽ നിന്നും കംഫർട്ട് സ്റ്റേഷനിൽ വെള്ളം വിലകൊടുത്ത് വാങ്ങേണ്ടി വന്നതിനാലാണ് കുറഞ്ഞ തുകയ്ക്ക് ലേലത്തിൽ പോകുന്നത് എന്ന് വ്യക്തമാണ്. എന്നാൽ ഇതിന് ശേഷം തുടർന്നുള്ള വർഷങ്ങളിലും കംഫർട്ട് സ്റ്റേഷനിലേക്ക് സ്ഥിരമായ ജലവിതരണ സംവിധാനം ഒരുക്കുന്നതിന് യാതൊരു നടപടിയും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ലേലം കൊണ്ട ആൾ സ്വന്തം ചെലവിൽ വെള്ളം എത്തിക്കുമ്പോൾ ലേല തുകയിൽ ഇളവ് അനുവദിക്കുന്നതിനും ലേലത്തിൽ കൂടിയ തുകയ്ക്ക് ആരും ഏറ്റെടുക്കാതിരിക്കുന്നതിനും കാരണമാകുന്നു.. ഇത് നഗരസഭയുടെ വരുമാനത്തിൽ ഇടിവുണ്ടാക്കുന്നതിനും കംഫർട്ട് സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലാതാവുന്നതിനും പൊതുജനങ്ങൾക്ക് മലിനീകരണപ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനും ഇടയാക്കുന്നു.

കംഫർട്ട് സ്റ്റേഷനിൽ ജലവിതരണ സംവിധാനം ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് ( 33/2017-18 തീ. 03.10.18) മറുപടി ലഭിച്ചിട്ടില്ല. തനത് ആസ്തികളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യസ്ററാൻഡിംഗ് കമ്മിററി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## **2-4** കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സിൽ മതിയായ സാകര്യങ്ങൾ ഒരുക്കിയില്ല- നഗരസഭയ്ക്ക് വാടകയിനത്തിൽ നഷ്ടം

2017-18ലെ വരവുചെലവു കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സിൽ 15-09-2018 ന് സീനിയർ ക്ളാർക്ക് ശ്രീ. ഷാജിയുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

രണ്ട് നിലകളുള്ള കെട്ടിടത്തിന്റെ രണ്ടാം നിലയിൽ അഞ്ഞൂറോളം പേർക്ക് ഇരിക്കാനായി കസേരകളിട്ട സ്റ്റേജ് ഉൾപ്പെടുന്ന വലിയ ഹാളും, ഒന്നാം നിലയിൽ അത്രയും പേർക്ക് ഭക്ഷണം കഴിക്കാനായി പ്രത്യേക ഹാളും മുപ്പതോളം മുറികളുള്ളതുമായ ഈ കമ്മ്യൂണിറ്റി ഹാൾ കം ഷോപ്പിംഗ് കോംപ്ളക്സിൽ മുനിസിപ്പാലിറ്റി കെട്ടിട

നിർമാണചട്ടപ്രകാരമുള്ള സാനിറ്ററി സൗകര്യങ്ങൾ നിലവിലില്ല.

രണ്ടാം നിലയിലെ ഹാളിലെ സ്റ്റേജിനോട് ചേർന്ന് ഉപയോഗപ്രദമല്ലാത്ത അവസ്ഥയിൽ കസേരകൾ അട്ടിയിട്ട രീതിയിൽ സ്ഥിതിചെയ്യുന്നതും ജലലഭ്യത ഇല്ലാത്തതുമായ ഒരു ടോയ്ലറ്റ് മാത്രമാണ് ഈ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിന് ആകെയുള്ളത്.

കൗൺസിലിന്റെ 30-06-16 ലെ 41/16ാം നമ്പർ തീരുമാനപ്രകാരം ഹാളിന് 3500/- രൂപയാണ് വാടകയായി നിശ്ചയിച്ച് ഈടാക്കിവരുന്നത്. കമ്മ്യൂണിറ്റി ഹാൾ ബുക്കിംഗ് രജിസ്റ്റർ 2017-18 പ്രകാരം ആകെ ലഭിച്ച 12 ബുക്കിങ്ങിലൂടെ 38570/- രൂപ മാത്രമാണ് വാടകയായി ലഭിച്ചിരിക്കുന്നത്.

കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 58 ലക്ഷം രൂപ ലോൺ എടുത്ത് നിർമ്മിച്ച (ലോൺ നം.KURDFC/GP/167/09/05-01-10) ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി 2017-18 ൽ 423950/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൊടുവള്ളി ബസ്റ്റാന്റിനോട് ചേർന്ന് കൊടുവള്ളി ടൗണിൽ നിർമിച്ച ഈ കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ബൈലോ തയ്യാറാക്കുന്നതിലും നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച ഹാൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ വാടകയിനത്തിൽ നഗരസഭയ്ക്ക് കിട്ടേണ്ട വരവ് വേണ്ടത്ര ബുക്കിംങ്ങ് ലഭിക്കാതെ നഷ്ടപ്പെടാനിടയാക്കുന്നു. (കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ബഹുനില കെട്ടിടങ്ങൾക്കുണ്ടായിരിക്കേണ്ട സാനിറ്ററി സൗകര്യം ഏർപ്പെടുത്താത്തത് നഗരസഭക്ക് വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിററ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.)

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായി മാറേണ്ട കമ്മ്യൂണിററിഹാൾ കം ഷോപ്പിംഗ് കോംപ്ലക്സ് നാമമാത്ര വരവു നൽകുന്ന ആസ്തിയായി നിലനിൽക്കുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലമാണെന്ന് ഓഡിററ് വിലയിരുത്തുന്നു. മുപ്പതോളം മുറികളും രണ്ട് വലിയ ഹാളുകളും ഉൾക്കൊള്ളുന്ന രണ്ട് നില കെട്ടിടത്തിൽ ഒരു ടോയിലററ് മാത്രമാണ് ഒരുക്കിയിരിക്കുന്നത് എന്നത് മുൻസിപ്പാലിററി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ച് വാടകയിനത്തിൽ നഗരസഭക്കുണ്ടാകുന്ന വരവ് നഷ്ടം ഇല്ലാതാക്കുന്നതിനും ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. തനത് ആസ്തികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും അതുവഴി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനകാര്യ സ്ററാൻഡിംഗ് കമ്മിററിയും നഗരസഭ കൗൺസിലും കാര്യക്ഷമമായി ഇടപെടേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/2017-18 തീ. 03/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

2017-18 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണമാണ്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2 അർദ്ധ വർഷങ്ങളിലെയും വരുമാനവും ഈടാക്കിയ നികുതിയും സംബന്ധിച്ച വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 1-ാം അർദ്ധ വർഷത്തെ നികുതി ഈടാക്കിയത് ഭാഗികമായി മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ രണ്ടാം അർദ്ധ വർഷത്തെ നികുതി ഈടാക്കിയ വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അപൂർണ്ണമായതിനാൽ മുൻ വർഷങ്ങളിൽ നികുതി ഒടുക്കിയഎല്ലാവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ Abstract തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) തൊഴിൽ നികുതി റിട്ടേൺ ഫോറങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ലഭ്യമായ തൊഴിൽ നികുതി റിട്ടേൺ ഫോറങ്ങൾ പരിശോധിച്ചതിൽ നിന്നും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ മാസ ശമ്പളം 5000/- രൂപയിൽ കുറച്ചാണ് കാണിച്ചിരിക്കുന്നത്. ഇത് പ്രകാരം ഒരു ദിവസം 200/- രൂപയിൽ കുറഞ്ഞ തുകയാണ് അദ്ധ്യാപകർക്ക് വേതനമായി ലഭിക്കുന്നത്. ഇതിൽ നിന്നും, തൊഴിൽ നികുതി റിട്ടേണുകളുടെ കൃത്യത സെക്രട്ടറി പരിശോധിക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഇത്തരം സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വിദ്യാഭ്യാസ സ്ഥാപനങ്ങൾ |
|---|---|
| 1 | കെ.എം.ഒ. ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൊടുവള്ളി |
| 2 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ |
| 3 | കെ.എം.ഒ. ഐ.ടി.ഐ |
| 4 | MIAS ട്രെയിനിംഗ് കോളേജ് |
| 5 | AL – ISHAM പബ്ലിക് സ്കൂൾ, കരുവൻപൊയിൽ |

| | |
|---|---|
| 6 | കെ.എം.ഒ. എച്.എസ് മലയാളം മീഡിയം സ്കൂൾ |
| 7 | രശ്മി കോളേജ്,കൊടുവള്ളി |

4) ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

സഞ്ചയപ്രകാരം കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ 5000 ത്തിൽ അധികം വാണിജ്യ കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 വർഷം 1160 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 1103 ട്രേഡേഴ്സിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ആകെ ഡിമാന്റ് എത്രയെന്നോ ആകെ കലക്ഷൻ എത്രയെന്നോ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല

രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | ചെമ്മണ്ണൂർ ക്രഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ് (p) Ltd |
| 2 | മുത്തൂറ്റ് ഫിനാൻസ്, കൊടുവള്ളി |
| 3 | മണപ്പുറം ഫിനാൻസ്, കൊടുവള്ളി |
| 4 | SMGB മാനിപുരം |
| 5 | ഫെഡറൽ ബാങ്ക് |
| 6 | കാനറാ ബാങ്ക് |

| | |
|---|---|
| 7 | കൊടുവള്ളി സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 8 | സപ്ലൈകോ ഡിപ്പോ ഓഫീസ് |
| 9 | സപ്ലൈകോ സബ് ഡിപ്പൊ, വാവാട് |
| 10 | സപ്ലൈകോ സൂപ്പർമാർക്കറ്റ് കൊടുവള്ളി |
| 11 | മാവേലി സ്റ്റോർ, മാനിപുരം |
| 12 | RAYAN പെട്രോളിയം |
| 13 | പറമ്പത്ത്കാവ് ക്ഷീര സഹകരണസംഘം |
| 14 | കല്പക ക്ലിനിക് |
| 15 | പ്രൈം മോട്ടോഴ്സ് |
| 16 | തിരുമന മോട്ടോഴ്സ് |
| 17 | KAPS Vehicle & spareparts |
| 18 | മാനേജർ, യുണൈറ്റഡ് ഇൻഷൂറസ് കമ്പനി ഏജൻസീസ് |
| 19 | സപ്ലൈകോ ഡിപ്പോ എക്സ്റ്റൻഷൻ കൗണ്ടർ,വാവാട് |
| 20 | സപ്ലൈകോ, പാലക്കുറ്റി |
| 21 | ന്യൂ ഇന്ത്യ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് |
| 22 | വി.വിൻ ഫൂട്ട്വെയർ |

| | |
|---|---|
| 23 | Poomkudy മോട്ടോർസ് |
| 24 | എ.എം മോട്ടോർസ് നെല്ലാകണ്ടി |
| 25 | പട്ടേരികുഡിയിൽ ഭാരത് ഗ്യാസ് ഏജൻസീസ് |
| 26 | DDRC SLR ഡയഗ്നോസ്റ്റിക്സ് (p) ltd |
| 27 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 28 | Indus ind marketing and finance service pvt. ltd |
| 29 | Ymaha two wheelers sales and servic |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നഗരസഭ പരിധിയിലെ എല്ലാ ട്രേഡേഴ്സിനെയും ഉൾപ്പെടുത്തി ലിസ്ററ് തയ്യാറാക്കി ആയത് അടിസ്ഥാനപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെ റിട്ടേണിൽ രേഖപ്പെടുത്തിയ അർദ്ധവാർഷിക വരുമാനത്തിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ മിനിമം വേജ് ആക്ട് പ്രകാരമുള്ള ശമ്പളം നടപ്പാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാവുന്നതും തുടർനടപടി സ്വീകരിക്കാവുന്നതുമാണ്. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും സ്ഥാപന നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിയുടെ മേൽനോട്ടത്തിൽ നഗരസഭ പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും സ്ഥാപന ലിസ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും അവയിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നതിലെ അപാകതകൾ

1) 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കൗൺസിലിന് ഒന്നോ അതിൽകൂടുതലോ ആവശ്യങ്ങൾക്ക് കൗൺസിൽ നൽകുന്ന ലൈസൻസ് കൂടാതെയും, മറ്റ് സാധാരണ വ്യാപാരങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക്

അനുസൃതമല്ലാതെയും ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം മുഖേനയും മുനിസിപ്പാലിറ്റിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും മുനിസിപ്പൽ പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്ത് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം /തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം,തോത്,മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തെയും A,B,C എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടം 7 പ്രകാരം ഫീസ് നിശ്ചയിക്കേണ്ടതുമാണ്.

എന്നാൽ കൗൺസിലിന്റെ 26-07-2016 ലെ 116/2016 ാം നമ്പർ തീരുമാനപ്രകാരം ഡി & ഒ കരട് തയ്യാറാക്കുന്നതിനായി അന്നത്തെ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തി എങ്കിലും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട നോട്ടീസ് തയ്യാറാക്കുകയോ നിരക്ക് നിശ്ചയിക്കുകയോ ചെയ്തിട്ടില്ല.

2)2017-18 ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയ സംക്ഷിപ്തത്തിലെ ആകെ കലക്ഷനും വരവുചെലവു കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) മുനിസിപ്പാലിറ്റി പരിധിയിലെ മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനായി ഈടാക്കുന്ന ഫീസ് എത്ര എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.ഡി & ഒ ലൈസൻസ് ഫീയും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീയും കൂടിയ തുകയാണ് രേഖപ്പെടുത്തുന്നത്.

4) വസ്തു നികുതി പരിഷ്കരണം പൂർത്തിയാവാതെ തന്നെ സഞ്ചയയിൽ ലഭ്യമായ കണക്ക് പ്രകാരം മുനിസിപ്പാലിറ്റിയിൽ അയ്യായിരത്തിലധികം വാണിജ്യകെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 ൽ ആകെ 1160 ഡി & ഒ ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/2017-18 തീ. 03/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>വാവാട് സ്കൂൾ നവീകരണപ്രവൃത്തി- കൺവീനർക്ക് അധിക തുക അനുവദിച്ചു</u>

പ്രൊജക്ട് - എസ്.ഒ. -107/17 -18വാവാട് സ്കൂൾ നവീകരണം

അടങ്കൽ - 300000

ചെലവ് - 270778

ബിൽ നമ്പർ - 26/2017-18 27-07-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രവൃത്തി കൺവീനർ - ശ്രീ. ഉമ്മർ . എ.എം

കരാർ - 75/16-17/15-2-2017

വാവാട് സ്കൂൾ നവീകരണത്തിനായുള്ള പ്രവൃത്തി 23-03-2017 ന് പൂർത്തിയാക്കി ഫൈനൽ ബിൽ അനുവദിച്ചിട്ടുണ്ട്. എം- ബുക്ക് 51/16-17 പേജ് 18 പ്രകാരമുള്ള മെമ്മോ ഓഫ് പെയ്മെന്റ് പ്രകാരം പ്രവൃത്തിയ്ക്ക് ആകെ ചെലവായിട്ടുള്ളത് 245048 രൂപയാണ് .വിശദാംശങ്ങൾ

Total value of work done - 226896

വാറ്റ് (5%) - 11345

വെൽഫെയർ ഫണ്ട് (1%) - 2269

ആദായ നികുതി (2%) - 4538

ആകെ - 245048

എന്നാൽ കൺവീനർക്ക് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ 250342 രൂപ അനുവദിച്ചിട്ടുണ്ട്. അതായത് 23446 രൂപ അധികം അനുവദിച്ചു (250342-226896) . ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൺവീനർക്ക് - 250342

വാറ്റ് - 12773

വെൽഫെയർ ഫണ്ട് - 2554

ആദായ നികുതി - 5109

ആകെ - 270778

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവഴിച്ച 23446 രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-2 പൊതു മരാമത്ത് പ്രവൃത്തി-ചെലവ് രേഖകൾ ഇല്ലാതെ തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

ഐ.കെ.എം ചെലവ് സ്റ്റേറ്റ് മെന്റ് പ്രകാരം തുക ചെലവഴിച്ചിട്ടുള്ള പ്രവൃത്തികളുടെ

ഫയലുകൾ പരിശോധിച്ചതിൽ ചില പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ചത് ചെലവിനാസ്പദമായ രേഖകൾ ഇല്ലാതെയാണ്. അളവു പുസ്തകത്തിൽ മോമ്മോ ഓഫ് പെയ്മെന്റ് എഴുതുകയോ കൺവീനർക്കും നികുതിയിനത്തിലുമുള്ള തുകകൾ നൽകിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ

| പ്രൊജക്ട് | ചെലവ് | റിമാർക്സ് |
|---|---|---|
| എസ്.ഒ. -60/17 -18 നേർക്കോട്ട് പൊയിൽ സഹകരണ മുക്ക് റോഡ് സൈഡ് കെട്ടൽ<br>പ്രവർത്തി കൺവീനർ- ശ്രീ. സക്കീർ<br>കരാർ - 162/15-16/02-12-2015<br>എം. ബുക്ക് - 190/15-16 | 91740<br>തനത് ഫണ്ട് | ചെലവ് രേഖകൾ ഇല്ല |
| എസ്.ഒ. -3/17 -18 നെല്ലാം കണ്ടി പുഴ സ്റ്റെപ്പ് നിർമ്മാണം<br>പ്രവർത്തി കൺവീനർ- ശ്രീ. ടി.പി.സലീം<br>കരാർ - 166/15-16/02-12-2015<br>എം. ബുക്ക് - 187/15-16 | 100000<br>തനത് ഫണ്ട് | ചെലവ് രേഖകൾ ഇല്ല |
| എസ്.ഒ. -26/17 -18 മണ്ണാം പൊയിൽ വഴപ്പുറം പാത്ത് വെ<br>കൺവീനർ - ശ്രീ. കെ.പി. സുനിൽ കുമാർ<br>കരാർ - 206/15-16/15-10-2015<br>എം. ബുക്ക് - 206/15-16 | 173801<br>തനത് ഫണ്ട് | ചെലവ് രേഖകൾ ഇല്ല |
| എസ്.ഒ. -57/17 -18 കളരാന്തിരി സ്കൂൾ റോഡ്<br>പ്രവർത്തി കൺവീനർ-ശ്രീ.സുലൈമാൻ.എ.കെ<br>കരാർ - 188/15-16/01-3-2016<br>എം. ബുക്ക് - 205/15-16 | 78584<br>തനത് ഫണ്ട് | ചെലവ് രേഖകൾ ഇല്ല |
| ആകെ | 444125 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 444125 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 തനതുഫണ്ടിന്റെ കണക്ക് സൂക്ഷിക്കാത്തതും പദ്ധതിയ്ക്കായി തനത് ഫണ്ടിൽനിന്നും വൻതുക വകയിരുത്തുന്നതും സംബന്ധിച്ച്

നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തനത് ഫണ്ട് ട്രഷറിയിലെ STSB (450650800) അക്കൗണ്ടിലും, സിൻഡിക്കേറ്റ് ബാങ്കിലെ 44142010000018 നമ്പറിലുള്ള അക്കൗണ്ടിലുമായാണ് സൂക്ഷിക്കുന്നത്. ജനറൽ പർപ്പസ് ഗ്രാന്റ് വരവുചെലവുകൾ ട്രഷറി മുഖേനയാണ് നിർവ്വഹിച്ചുവരുന്നത്. നഗരസഭ ലഭ്യമാക്കിയ 2017-18 ലെ വരവുചെലവു കണക്കുപ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 15542000/-രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക മുഴുവനായും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. തനതുഫണ്ടിനത്തിൽ 31.3.2018ലെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സിൻഡിക്കേറ്റ്ബാങ്ക് (അക്കൗണ്ട്നം.44142010000018) | (-)1587733 |
| ട്രഷറി | 758142 |
| ആകെ | (-)829591 |

STSB അക്കൗണ്ടിൽ നിന്നും 29.3.2018 ന് 2713177/-രൂപ 3251 നമ്പർ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പ്രസ്തുത തുക 7.4.2018ന് അക്കൗണ്ടിൽ തിരികെ ക്രെഡിററ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തനത്ഫണ്ട് ബാങ്ക് അക്കൗണ്ടിൽ മററു ഫണ്ടുകളായ ആർ.എം.എസ്എ., എം.എൽ.എ ഫണ്ട്, ഐ.സി.ഡി.എസ് ഫണ്ട് എന്നിവയും വരവു പിടിക്കുന്നുണ്ട്. ഓരോ ഫണ്ടിന്റെയും വരവുചെലവു കണക്ക് പ്രത്യേകം സൂക്ഷിക്കുന്നില്ല. ഇപ്രകാരം തനതുഫണ്ടിൽ മററു ഫണ്ടുകൾ വരവ് പിടിക്കുന്നതിനാലും ഓരോന്നിന്റെയും വരവ്ചെലവ് പ്രത്യേകം സൂക്ഷിക്കാത്തതിനാലും ഫണ്ട് വക മാറി ചെലവഴിക്കുന്നതിന് കാരണമാകുന്നു. തനതുഫണ്ടിനത്തിൽ അധികമായി മേൽപ്രകാരം ചെലവഴിച്ച തുക ആർ.എം.എസ്എ.ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതിയിനത്തിൽ ലക്ഷക്കണക്കിനു രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഡിമാന്റ് രജിസ്ററർ സൂക്ഷിക്കാത്തതിനാൽ 2015-16,2016-17,2017-18 വർഷങ്ങളിൽ നഗരസഭയിൽ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. കെട്ടിട ഉടമ നികുതി ഒടുക്കുവാൻ വരുന്ന അവസരങ്ങളിൽ മാത്രം നികുതി ഈടാക്കുന്ന രീതിയാണ് നിലവിൽ പിൻതുടരുന്നത്. ഏതൊക്കെ കെട്ടിട ഉടമകൾ നികുതി ഒടുക്കിയെന്നോ, എത്രപേർ നികുതി ഒടുക്കാൻ അവശേഷിക്കുന്നുവെന്നോ ഉള്ള കണക്ക്

നഗരസഭയിൽ ഇല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 8095726/-രൂപ മാത്രമാണ് വസ്തുനകുതിയിനത്തിൽ കുടിശ്ശികയടക്കം 2017-18 ൽ പിരിഞ്ഞുകിട്ടിയിട്ടുള്ളത്. പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിൽ അപാകതകളുള്ളതിനാൽ നികുതി നഷ്ടം സംഭവിക്കുന്നുണ്ട്. കൂടാതെ പഴയകെട്ടിടങ്ങളുടെ പുതിയ നിരക്കിലുള്ള നികുതി നിർണ്ണയം പൂർത്തിയായിവരുന്നതേയുള്ളൂ. ഇക്കാരണങ്ങളാൽ തനതുഫണ്ടിന്റെ വരവ് കുറയുന്നുണ്ട്.

ജി.ഒ.(എം.എസ്.)നം.79/2017/ത.സ്വ.ഭ.വ./3.4.2017 പ്രകാരം പുറപ്പെടുവിച്ച വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 11.1(3) അനുസരിച്ച് 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതായ അനിവാര്യ ചുമതലകൾക്കും അനുവദനീയമായ മററു ചെലവുകൾക്കും ആവശ്യമായ തുക ബജററിൽ മാററി വെച്ചശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ ബജററ് രൂപീകരണ വേളയിൽ തനതുഫണ്ടിൽ നിന്നും പദ്ധതിക്കായി തുക നീക്കിവെയ്ക്കുമ്പോൾ ഫണ്ടിന്റെ ലഭ്യത കൃത്യമായി പരിശോധിക്കപ്പെടുന്നില്ല. നഗരസഭ ലഭ്യമാക്കിയ കണക്കു പ്രകാരം 2017-18 ൽ 22520583/-രൂപയാണ് വിവിധ പദ്ധതിക്കായി തനതു ഫണ്ട് വകയിരുത്തിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്കായി വലിയ തോതിൽ തനതുഫണ്ട് വിഹിതം പദ്ധതി അടങ്കലായി വകയിരുത്തുന്നുണ്ട്. 2017-18 ൽ മരാമത്തു പ്രവൃത്തികൾക്കായി 20830018/-രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്ന് അനിവാര്യ ചെലവുകൾ കഴിച്ച് ബാക്കിയുള്ള തുകയുടെ പരമാവധി 25% പദ്ധതിയിൽ ഉൾപ്പെടുത്താതെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അടിയന്തിര പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്. ഈ സാഹചര്യം നിലനിൽക്കെ മരാമത്ത് പ്രവൃത്തികൾക്കായി വലിയ തോതിൽ തനതുഫണ്ട് പദ്ധതിഅടങ്കലായി വകയിരുത്തുന്നത് പുന:പരിശോധിക്കേണ്ടതാണ്.

മേൽ ഉത്തരവിലെ ഖണ്ഡിക 11.1(5) പ്രകാരം 2016-17 ൽ വാർഷിക പദ്ധതിയിൽ ചെലവഴിച്ച തനതുഫണ്ട് തുകയുടെ 15% അധികരിച്ച തുക 2017-18 ൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള സംസ്ഥാന പെർഫോമൻസ് ഓഡിററ് ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങേണ്ടതാണ്. എന്നാൽ നഗരസഭ തനതുഫണ്ട് വകയിരുത്തുമ്പോൾ ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള കേന്ദ്രഫണ്ടായ ആർ.എം.എസ്.എ., .ഐ.സി.ഡി.എസ് എന്നിവ പ്രത്യേക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക്അക്കൗണ്ടിൽ നിന്നും വിവിധ ഇനങ്ങളിലായി ചെലവഴിക്കുന്ന തനതുഫണ്ട് തുകയുടെ വിശദാംശം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-4 പൊതു മരാമത്ത് പ്രവൃത്തികൾ– ആസൂത്രണത്തിലെയും പദ്ധതി

## നടത്തിപ്പിലെയും പോരായ്മകൾ

പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

1) പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ അലംഭാവം

മുൻസിപ്പാലിറ്റിയിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 276പദ്ധതി കൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട് (152 പുതിയ പ്രവർത്തികളും 124 സ്പിൽ ഓവർ പ്രവൃത്തികളും.) ഇതിൽ 78 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല (64 പുതിയ പ്രവൃത്തികളും 14 സ്പിൽ ഓവർ പ്രവൃത്തികളും.) മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള 14 പ്രവൃത്തികൾ തൻവർഷത്തിലും പൂർത്തിയായിട്ടില്ല. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദ മായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 67185407 /- രൂപ വകയിരുത്തിയെങ്കിലും 36397569 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ( 54 %) വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാത്തത് നഗരസഭയുടെ വികസനത്തി ന് ചെലവഴിക്കേണ്ടിയിരുന്ന ഫണ്ട് ലാപ്സാകുന്നതിന് ഇടയായിട്ടുണ്ട്

സമയ ബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ടെണ്ടർ നടപടികളിലും കരാർ വയ്ക്കുന്നതിലും കാലതാമസം ഉണ്ടായിട്ടുണ്ട്. സാമ്പത്തികവർഷം അവസാനിക്കുന്ന ഘട്ടങ്ങളിൽ മാത്രമാണ് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളത്. അതായത് 12/2017 ൽ മാത്രമാണ് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളത് പുതിയപ്രവർത്തികളേറെയും നവംമ്പർ, ഡിസംമ്പർ, ജനവരി മാസങ്ങളിൽ അതായത് സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രമാണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരുമായി കരാറിൽ ഏർപ്പെടുന്നത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം നഗരസഭയുടെ വികസനത്തിന് ഉപയോഗിക്കാൻ പറ്റാതെ പാഴായി പ്പോയിട്ടുണ്ട്.

2) ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ മുൻസിപ്പാലിറ്റിയുടെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 318 പദ്ധതികളിൽ 276 പ്രവർത്തികളും പൊതുമരാമത്ത് മേഖലയിലേയ്ക്കാണ് തയ്യാറാക്കിയിരിക്കുന്നത് ഇതിൽ 209 പ്രവർത്തികളും റോഡ് ഇടവഴി എന്നിവയുടെ വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി, റോഡ് മാപ്പ് എന്നിവ ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻവർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത പ്രവർത്തികളിൽ അങ്കണവാടി നവീകരണം, സിഎച്ച്.സിയിൽ എക്സ്റെ

സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ, ഉമ്പൂർ മുഴിമോഡൽ മാലിന്യ സംസ്കരണവും എം.ആർ. എഫും, കുടിവെള്ള പദ്ധതികൾ, പൊതുകിണർ നിർമ്മാണപ്രവർത്തികൾ, കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് നിർമ്മാണം , ബസ്സ്റ്റാന്റ് നവീ കരണം, സി.എച്ച്.സി റിപ്പയർ എന്നിവ ഉൾപ്പെടുന്നുണ്ട് മുൻസിപ്പാലിറ്റി അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതെ പാഴാക്കുന്നത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

3) പദ്ധതി രൂപീകരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പരിഗണിക്കുന്നില്ല.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെയും വികസന രേഖയുടെയും അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിയ്ക്കേണ്ടത്. ഇവിടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായികാണുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിങ്ങ് കമ്മറ്റി യോഗങ്ങളുടെയും മിനുട്സുകൾ പരിശോധിച്ചതിൽ തീരുമാനങ്ങൾ എഴുതാതെയും എഴുതി പൂർത്തിയാക്കി ഒപ്പിടാതെയും ആണ് ഉള്ളത്. സ്റ്റാന്റിങ്ങ് കമ്മറ്റി യോഗങ്ങളിലൊന്നിലും നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുക്കുന്നതായി കാണുന്നില്ല

4) പൊതുമരാമത്ത് പ്രവർത്തികൾ മോണിറ്ററിങ്ങ് നടത്തുന്നതിൽ സ്റ്റാന്റിങ്ങ് കമ്മറ്റി വീഴ്ചവരുത്തുന്നു പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതികൾ മോണിറ്റ്റിങ്ങ് നടത്തുന്നത് നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഇവിടെ നടപ്പിലാക്കി യിട്ടുള്ള പൊതുമരാമത്ത് പ്രവർത്തികളിലൊന്നിലും പദ്ധതി നിർവ്വഹണ കലണ്ടർ, പദ്ധതി വിലയിരുത്തൽ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഇല്ല.

പദ്ധതി നിർവ്വഹണത്തിൽ മേൽകാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ : ടെണ്ടറിൽ ക്വാട്ട് ചെയ്തതിനെക്കാൾ അധിക നിരക്ക് ഈടാക്കി

പ്രൊജക്ട് നം. : 182/18

അടങ്കൽ : 200000/-രൂപ

ചെലവ് തുക : 180000/-രൂപ (ബിൽ നം. 292/17-18/28.3.2018)

നിർവ്വഹണം : നഗരസഭാ സെക്രട്ടറി

നഗരസഭയിലെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് വാട്ടർ പ്യൂരിഫയർ

വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Axiom Aqua Solution എന്ന സ്ഥാപനത്തിന്റെ 49800/-നിരക്കിലുള്ള ടെണ്ടർ നഗരസഭ അംഗീകരിക്കുകയുണ്ടായി (11.1.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും, 20.2.2018 ലെ കൗൺസിലിന്റെയും തീരുമാനപ്രകാരം). അതുപ്രകാരം 3 വാട്ടർപ്യൂരിഫയർ വാങ്ങിയതിന് ചുവടെ ചേർത്ത പ്രകാരം 180000/-രൂപ അനുവദിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയതി | ഇനം | എണ്ണം | നിരക്ക് | ആകെ | ജി.എസ്.ടി. @ 18% | ആകെ |
|---|---|---|---|---|---|---|
| 94/15.3.2018 | Uzone NHC | 3 | 50848 | 152543 | 27457 | 180000 |

അംഗീകരിച്ച ടെണ്ടർ പ്രകാരം വാട്ടർപ്യൂരിഫയർ ഒരെണ്ണത്തിന് 49800/-രൂപയാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി ബിൽ പ്രകാരം 50848/-രൂപ ഈടാക്കിയതായി കാണുന്നു. വാട്ടർപ്യൂരിഫയർ ഒരെണ്ണത്തിന് 1048/-രൂപ അധികമായി ഈടാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിററ് എൻക്വയറി (നം.5/17-18/26.9.2018) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ടെണ്ടറിൽ ക്വാട്ട് ചെയ്തതിലും കൂടുതലായി അനുവദിച്ച 3144/-രൂപ (1048X3) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 നഗരസഭ ഓഫീസിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകൾ ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു

പ്രൊജക്ട് നം. : 176/18

അടങ്കൽ : 450000/-രൂപ

ചെലവ് തുക : 423863/-രൂപ

നിർവ്വഹണം : സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം നഗരസഭ ഓഫീസിലേക്ക് കമ്പ്യൂട്ടർ, സ്കാനർ എന്നീ ഉപകരണങ്ങൾ ജി.ഒ.(ആർ.ടി.)നം.25/2018/ഐ.ടി.ഡി./1.2.2018 പ്രകാരം സംസ്ഥാന സർക്കാർ നടപ്പാക്കിയ കേന്ദ്രീകൃത പ്രൊക്യൂർമെന്റ് സിസ്റ്റം പ്രകാരം ഗവൺമെന്റ് പോർട്ടലിലൂടെ കെൽട്രോൺ മുഖേന ഓൺലൈനായി വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ തീയതി | ഇനം | എണ്ണം | നിരക്ക് | കൺവേയൻസ് @5% | ജി.എസ്.ടി. @18% | ആകെ |
|---|---|---|---|---|---|---|
| ITBG/17-18/ 10169/ | Sharp FUJITSU | 1 | 16900 | 845 | 3194 | 20939 |

| | | | | | | |
|---|---|---|---|---|---|---|
| ITP/3795/ 31.3.2018 | Scanner | | | | | |
| ITBG/18-19/ 1036/ ITP/489/ 31.5.2018 | Desktop Computer with Windows 10 Home with 19.5” TFT/LED Hd digital colour monitor | 12 | 27100.08 | 16260 | 61462.8 | 402924 |
| | ആകെ | | | | | 423863 |

കെൽട്രോണിൽ നിന്നും ലഭിച്ച സ്കാനർ നഗരസഭ ഓഫീസിൽ ഉപയോഗിച്ചുവരുന്നു. വാങ്ങിയ 12 കമ്പ്യൂട്ടറുകൾ സ്റ്റോക്കിലെടുക്കുകയും 7എണ്ണം നഗരസഭ ഓഫീസിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഇതര ഓഫീസുകൾക്ക് താഴെ പറയും പ്രകാരം വിതരണം ചെയ്തിട്ടുമുണ്ട്. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം.5)

| കമ്പ്യൂട്ടർ നൽകിയ ഓഫീസ്/സെക്ഷൻ | വിതരണം ചെയ്ത എണ്ണം | വിതരണം ചെയ്ത തീയതി |
|---|---|---|
| അസി.എഞ്ചിനീയറുടെ ഓഫീസ് | 3 | 19/06/18 |
| ഹെൽത്ത് ഇൻസ്പക്ടറുടെ ഓഫീസ് | 1 | 19/06/18 |
| അയ്യങ്കാളി തൊഴിലുറപ്പപദ്ധതി | 1 | 19/06/18 |

| | | |
|---|---|---|
| ജി4സെക്ഷൻ | 1 | 28/09/18 |
| ആർ1സെക്ഷൻ | 1 | 29/09/18 |
| ആകെ | 7 | |

സ്റ്റോക്ക്രജിസ്റ്റർ പ്രകാരമുള്ള ഇഷ്യു/നീക്കിയിരിപ്പ് 29.9.2018ന് നേരിട്ട് പരിശോധിക്കുകയുണ്ടായി. 7 കമ്പ്യൂട്ടറുകൾ മേൽപറഞ്ഞ രീതിയിൽ വിതരണം ചെയ്തതായും 5 കമ്പ്യൂട്ടറുകൾ പാക്കിംഗ് പൊട്ടിക്കാതെ നഗരസഭ ഓഫീസിൽ സൂക്ഷിച്ചതായും കണ്ടു. 19.6.2018ന് സപ്ലൈ ചെയ്ത കമ്പ്യൂട്ടറുകളിൽ 5എണ്ണം മൂന്നുമാസത്തിലധികമായിട്ടും ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. ഇലക്ട്രോണിക് ഉപകരണങ്ങൾ ദീർഘകാലം ഉപയോഗിക്കാതിരുന്നാൽ കേടുപാടുകൾ സംഭവിക്കാനിടയുണ്ട്. മാത്രമല്ല ആവശ്യത്തിലധികമായി സാധനസാമഗ്രികൾ വാങ്ങി സൂക്ഷിക്കുന്നത് നഗരസഭ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണ്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ജി.ഒ.(പി.)259/2010/ത.സ്വ.ഭ.വ./8.11.2010 പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 2സി (4) അനുസരിച്ച് ഓഫീസ് ഉപകരണങ്ങൾ, ഫർണ്ണിച്ചറുകൾ എന്നിവ ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി വാങ്ങേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി നം.25/17-18/1.10.2018 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും കമ്പ്യൂട്ടറുകൾ ഉടനടി ഇൻസ്റ്റാൾ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-7 നഗരസഭ പരിധിയിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ : നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പ്രൊജക്ട് നം. : 175/18

അടങ്കൽ : 490000/-രൂപ

ചെലവുതുക : 490000/-രൂപ (ബിൽ നം. 290/17-18/28.3.2018)

നിർവ്വഹണം : നഗരസഭാ സെക്രട്ടറി

നഗരസഭാ പരിധിയിലെ പാലക്കുറ്റി, വാവാട് അങ്ങാടികളിൽ ലോമാസ്റ്റ് വിളക്ക് സ്ഥാപിക്കുന്നതിനായി 11.1.2018 ൽ നടന്ന ടെണ്ടറിൽ M/S ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനം സമർപ്പിച്ച 122950/-രൂപ നിരക്കിലുള്ള (ഒരെണ്ണത്തിന്) ടെണ്ടർ 11.1.2018ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയടെയും 20.2.2018 ലെ 10ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ നഗരസഭ അംഗീകരിക്കുകയുണ്ടായി. ഇതുപ്രകാരം 120 Watt ഉള്ള 4 LED ഫ്ലഡ് ലൈറ്റുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഇൻവോയ്സ് നം.11/20.3.2018 പ്രകാരം 490000/-രൂപയിൽ പരിമിതപ്പെടുത്തി മേൽ പറഞ്ഞ

സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്റർ, ലഭ്യമായ ടെണ്ടർ ഷെഡ്യൂളുകൾ എന്നിവ പരിശോധിച്ചതിൽ ലഭ്യമായ 5 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് (ഒരെണ്ണത്തിന് 97500/-രൂപ നിരക്കിൽ) ഉഷ ഇലക്ട്രോണിക് സിസ്റ്റംസ്, പട്ടാമ്പി എന്ന സ്ഥാപനമാണെന്നു കാണുന്നു. എന്നാൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി M/S ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ സ്വീകരിക്കാനുണ്ടായ സാഹചര്യം ടെണ്ടർ രജിസ്റ്ററിലോ ഫയലിലോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യു എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. വാങ്ങിയ 4 LED ഫ്ലഡ് ലൈറ്റുകൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ സ്ഥാപിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെയും കെ.എസ്.ഇ.ബി.അസി.എഞ്ചിനീയറുടെയും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി(നം.4/17-18/ 26.9.18)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ തെരുവു വിളക്ക് നിർദ്ദിഷ്ട സ്ഥലങ്ങളിൽ സ്ഥാപിച്ചത് സംബന്ധിച്ച് ബന്ധപ്പെട്ട കൗൺസിലർമാരുടെയും കെ.എസ്.ഇ.ബി.അസി.എഞ്ചിനീയറുടെയും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വാങ്ങൽ രേഖകളുടെ വസ്തുതാപരമായ കൃത്യത പരിശോധിക്കേണ്ടത് സെക്രട്ടറിയാണ്. പരിശോധനക്കുശേഷം പ്രൊക്യൂർമെന്റ് കമ്മിററി മുമ്പാകെ ഹാജരാക്കുന്ന രേഖകളുടെ സൂക്ഷമപരിശോോധന നടത്തേണ്ടത് കമ്മിററിയാണ്. ഏററവും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ ഒഴിവാക്കി M/S ഏഷ്യൻ മാർക്കററിംഗിന്റെ ടെണ്ടർ സ്വീകരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 490000/-രൂപയുടെ ചെലവ് ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവുവിളക്ക് സ്ഥാപിക്കൽ : പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഫയൽ നം. : G4/1148/18

പ്രൊജക്ട് നം. : 358/18

അടങ്കൽ : 490000/-രൂപ

ചെലവു തുക : 489179/-രൂപ

മേൽ പ്രൊജക്ട് പ്രകാരം നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുമുണ്ടായി (11.1.2018ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന്റെയും 20.2.2018 ലെ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ) . അതനുസരിച്ച് 24വാട്ടിന്റെ 263 എണ്ണം LED

വിളക്കുകൾ വാങ്ങിയതിന് താഴെ പറയുംപ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം/തീയതി | ഇനം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|---|
| 10/12.3.2018 | 24 W LED സ്ട്രീറ്റ് ലൈറ്റ് | 263 | 1660.71 | 436766.73 |
| | ജി.എസ്.ടി.@ 12% | | | 52412.01 |
| | ആകെ | | | 489179 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങിയ LED വിളക്കുകൾ സ്റ്റോക്കിലെടുത്ത് അതിൽ 28 വിളക്കുകൾ അൻവർ.പി. വാഴക്കാട് എന്നയാൾക്കും, 235 എണ്ണം വിവിധ തീയതികളിലായി ജയൻ വാഴക്കാട് എന്നയാൾക്കും ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇഷ്യൂ ചെയ്തിട്ടുള്ള വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
2. നഗരസഭ പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, തരം,എന്നിവ കാണിക്കുന്ന തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ആകെ 927096/-രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട് ( ബാങ്ക് ബുക്ക് പ്രകാരം) എന്നാൽ നഗരസഭയിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. 30.06.2016 ന് ചേർന്ന ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗ തീരുമാനം 38/16 പ്രകാരം, നഗരസഭയിലെ തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

   3ഏഷ്യൻ മാർക്കറ്റിംഗ് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിൽ നഗരസഭ സെക്രട്ടറിയുടെ ഒപ്പ്, കരാർ ഒപ്പുവെച്ച തീയതി, ടെണ്ടർ നോട്ടിഫിക്കേഷൻ നം./തീയതി, സപ്ലൈ ഓർഡർ നം./തീയതി, ഡിപ്പോസിറ്റ് തുക എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ രേഖപ്പെടുത്താതെയും സെക്രട്ടറി ഒപ്പുവെക്കാതെയും ചമച്ച കരാറിന് നിയമസാധുത ഉണ്ടായിരിക്കുന്നതല്ല.
3. വിളക്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിററ് എൻക്വയറി നം.18/17-18/ 1.10.2018നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. തെരുവു വിളക്കുകൾക്കായി പ്രത്യേകം രജിസ്ററർ സൂക്ഷിക്കേണ്ടതും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം, തരം എന്നിവ കൃത്യമായി പരിശോധിച്ച് രജിസ്റററിൽ രേഖപ്പെടുത്തേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. അപാകതളുടെ അടിസ്ഥാനത്തിൽ ചെലവുതുക 489179/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പ്രൊജക്ട് - എസ്.ഒ. -274/17 -18

അടങ്കൽ - 400000 വികസന ഫണ്ട്

ചെലവ് - 393066

ബിൽ നമ്പർ - 3/2017-18 26-03-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ്. കൊടുവള്ളി

ജി.എച്ച്.എസ്.എസ്. കൊടുവള്ളി, ജി.എം.യു.പി സ്കൂൾ വെണ്ണക്കോട് എന്നീ സ്കൂളുകളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത

11-01-2018 ന ചേർന്ന പ്രൊക്വർമെന്റ് കമ്മറ്റി തീരുമാനം 2 പ്രകാരം 3 ടെണ്ടറുകൾ ലഭിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൾ അസീസ് എന്നവരുടെ 395450 രൂപയുടെ ക്വട്ടേഷൻ അംഗീകരിയ്ക്കാൻ തീരുമാനിയ്ക്കുകയും ഈ സ്ഥാപനത്തിന് 393066 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 3 സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ വിവിധ ഇനങ്ങൾക്കായി സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകൾ താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് ക്വാട്ടു ചെയ്ത സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് ടെണ്ടർ നൽകുക എന്ന നടപടി സ്വീകരിച്ചിട്ടില്ല. സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗങ്ങളുടെ സാന്നിധ്യത്തിലല്ല ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്ത് ടെണ്ടർ നൽകിയിരുന്നെങ്കിൽ വാങ്ങൽ നടപടി ലാഭകരമാകുമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഐറ്റം | ബിൽഡ്സ്, ഇന്റഗ്രേറ്റഡ് | മോണ്ട് ബ്ലാങ്ക് ഇലക്ട്രോണിക്സ് | ആനോൺ സിസ്റ്റം @ |
|---|---|---|---|

| | കൺസ്ട്രക്ഷൻ, കൊടുവള്ളി | കോഴിക്കോട് | സർവ്വീസസ് കോഴിക്കോട് |
|---|---|---|---|
| പാർട്ട് -A 9 എണ്ണം | 204900 | 105100 | 186964 |
| പാർട്ട് -B 6- എണ്ണം | 65300 | 60400 | 93980 |
| പാർട്ട് -C 7 എണ്ണം | 123250 | 110650 | 115324 |
| ആകെ | 395450 | 276150 | 396268 |

ഇവിടെ കുറഞ്ഞ തുക ക്വോട്ടു ചെയ്ത മോണ്ട് ബ്ലാങ്ക് ഇലക്ട്രോണിക്സ് , കോഴിക്കോട് എന്ന സ്ഥാപനത്തിന് കരാർ നൽകാതെ ബിൽഡസ്, ഇന്റഗ്രേറ്റഡ് കൺസ്ട്രക്ഷൻ, കൊടുവള്ളി എന്ന സ്ഥാപനത്തിന് ടെണ്ടർ നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഐറ്റം തിരിച്ച് കമ്പാരേറ്റീവ് സ്റ്റേറ്റ് മെന്റ് തയ്യാറാക്കിയിട്ടില്ല. ഐറ്റം തിരിച്ച് പരിശോധിച്ചതിൽ ആകെ 14 ഇനങ്ങളിൽ 7 ഇനങ്ങളിലും മോണ്ട് ബ്ലാങ്ക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനമാണ് കുറഞ്ഞ തുക ക്വോട്ടു ചെയ്തത് . നിശ്ചയിച്ച സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുള്ള സ്ഥാപനവുമായി നെഗോസിയേഷൻ നടത്തുകയോ ടെണ്ടർ നിരസിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. രണ്ട് ഇനങ്ങളിൽ ആനോൺ സിസ്റ്റം @ സർവ്വീസസ് എന്ന സ്ഥാപനം കുറഞ്ഞ തുക ക്വോട്ടു ചെയ്തതിട്ടുണ്ട് . കുറഞ്ഞ തുക ക്വോട്ടു ചെയ്തസ്ഥാപനവുമായി നെഗോസിയേറ്റ് ചെയ്ത് കരാർ നൽകിയിരുന്നെങ്കിൽ താഴെ കാണിച്ച പ്രകാരം സാമ്പത്തിക നേട്ടം സ്ഥാപനത്തിനുണ്ടാകുമായിരുന്നു.

| ഐറ്റം | ആനോൺ സിസ്റ്റം ക്വോട്ടു | മോണ്ട് ബ്ലാങ്ക് ഇലക്ട്രോണിക്സ് ക്വോട്ടു | ബിൽഡസ്, ഇന്റഗ്രേറ്റഡ് എന്ന | കുറഞ്ഞ നിരക്ക് | അധിക ചെലവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ചെയ്തത നിരക്ക് | ചെയ്തത നിരക്ക് | സ്ഥാപനത്തിന് നൽകിയ തുക | | |
| ആംപ്ലി ഫയർ 130W | 17584 | 10800 | 24750 | 10800 | 24750-10800 =13950 |
| അഹുജ വാൾ സ്പീക്കർ 43 എണ്ണം 6W | 43 X 1600 =68800 | 43 X 950 =40850 | 70985 | 40850 | 70985-40850 = 30135 |
| വയർലെസ് മൈക്ക് 2 എണ്ണം | 2X3080 = 6160 | 2X2400 = 4800 | 12508 | 4800 | 12508-4800 =7708 |
| ഇൻസുലേറ്റഡ് കോപ്പർ കണ്ടക്ടർ 2730/ യൂണിറ്റ് | 2730X32 = 87360 | 2730X5 = 13650 | 112749 | 13650 | 112749-13650 = 99099 |
| ആംപ്ലി ഫയർ 700W | 37300 | 30000 | 31860 | 30000 | 1860 |
| സപ്ലൈ @ ഇൻസ്റ്റാൾ ഓഫ് ഹാൻ്റ് ഹെൽഡ് മൈക്രോഫോൺ 2എണ്ണം | 2X2200 =4400 | 2X2000 =4000 | 4956 | 4000 | 956 |

| | | | | | |
|---|---|---|---|---|---|
| സ്പീക്കർ സ്റ്റാന്റ് 2 എണ്ണം | 2X9000 =18000 | 2X2200 =4400 | 7778 | 4400 | 7778-4400 = 3378 |
| സപ്ലൈ @ ഇൻസ്റ്റലേഷൻ ചാർജ് | 4000 | Rs. 50/meter | 10000 | 4000 | 10000-4000 = 6000 |
| റാക്ക് ഇൻസ്റ്റലേഷൻ 2 എണ്ണം | 2X6500 = 13000 | 2X7000 =14000 | 18998 | 13000 | 18998-13000 = 5998 |

ഇത്തരം കാര്യങ്ങളിൽ പ്രൊക്വർമെന്റ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-10** കന്നുകുട്ടി പരിപാലനം : പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം. : 150/18

അടങ്കൽ തുക : 625000/-രൂപ

ചെലവ് തുക : 312500/-രൂപ

നിർവ്വഹണം : സീനിയർ വെറ്ററനറി സർജ്ജൻ

മേൽ പദ്ധതിക്കായി 50 ഗുണഭോക്താക്കൾക്ക് 6250/-രൂപ നിരക്കിൽ തദ്ദേശ സ്ഥാപന വിഹിതമായി 312500/-രൂപയും, സംസ്ഥാന വിഹിതമായി 312500/-രൂപയും, ഗുണഭോക്തൃവിഹിതമായി 625000/-രൂപയുമടക്കം 1250000/-രൂപയാണ് പദ്ധതി അടങ്കലായി കണക്കാക്കിയിരുന്നത്. എന്നാൽ സംസ്ഥാന വിഹിതമായ 312500/-രൂപ നഗരസഭക്ക് കൈമാറാത്ത സാഹചര്യത്തിൽ നഗരസഭ കൗൺസിലിന്റെ 12.3.2018 ലെ 1൦ നമ്പർ തീരുമാനപ്രകാരം ഗുണഭോക്താക്കളുടെ എണ്ണം 25 ആയി പരിമിതപ്പെടുത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. അതുപ്രകാരം നഗരസഭാവിഹിതമായ 156250/-രൂപയും (25X6250), സംസ്ഥാന വിഹിതമായ 156250/-രൂപയുമുൾപ്പെടെ 312500/-രൂപ അസി.ഡയരക്ടർ കാഫ് ഫീഡ് സബ്സിഡി, കോഴിക്കോടിന്റെ പേരിലുള്ള ടി.എസ്.ബി.അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 716011400000033) നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതം

ലഭ്യമാക്കുന്നതിന്റെ ആവശ്യകത വിഷയമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പദ്ധതി അവലോകനയോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുകയോ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ഇതിനായി ഭരണസമിതിക്ക് ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

2. SLBP മാർഗ്ഗരേഖയനുസരിച്ച് (ജി.ഒ.(എം.എസ്.)11/2001 /മൃഗസംരക്ഷണംയ20.1.2001) സബ്സിഡിയായി അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ്, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ജില്ലാകോ-ഓർഡിനേറ്റർ നഗരസഭക്ക് ലഭ്യമാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3. തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ക്ഷീരസഹകരണ സംഘങ്ങളിൽ രജിസ്റ്റർ ചെയ്തവരാണെന്ന് കാണിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
4. ജി.ഒ.(എം.എസ്) നം.80/2017/ത.സ്വ.ഭ.വ./3.4.2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി വാർഡ്സഭയുടെ അംഗീകാരത്തോടെയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ വിവിധ വാർഡുകളിൽ നിന്നും ഈ പദ്ധതിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട ചുവടെ ചേർത്ത ഗുണഭോക്താക്കളെ വാർഡ്സഭ അംഗീകരിച്ചതായി കാണുന്നില്ല.

1. നാരായണി കുണ്ടച്ചാൽ വാർഡ് 32
2. ആയിഷ ആനപ്പാറക്കൽ വാർഡ് 12
3. ദേവകി മുക്കത്ത് കരുവാംപൊയിൽ വാർഡ് 18
4. ചേക്കുട്ടി വാഴപൊയിൽ വാർഡ് 13
5. അബ്ദുൾ അസീസ് ഉളിയാടൻകുന്നുമ്മൽ വാർഡ് 29
6. സരസു ഉളിയാടൻകുന്നുമ്മൽ വാർഡ് 28
7. വേലായുധൻ തച്ചോടക്കുന്നുമ്മൽ വാർഡ് 7

പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം.2/17-18/25.9.2018)നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 312500/-രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെങ്കിലും മോണിട്ടറിംഗ് വേണ്ടത്ര ഫലപ്രദമല്ല. പ്രൊജക്റ്റ് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 യുനാനി ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് - എസ്.ഒ. -271/17 -18

അടങ്കൽ - 300000

ചെലവ് - 300000

ബിൽ നമ്പർ - 6/2017-18 17-03-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കൊടുവള്ളി

യുനാനി ആശുപത്രിയിലേക്ക് മരുന്ന ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ നിർവ്വഹണഉദ്യോഗസ്ഥർ 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ല നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്ന

1) കുറഞ്ഞ വില ക്വോട്ടു ചെയ്ത സ്ഥാപനത്തിൽ നിന്ന് മരുന്ന് വാങ്ങിയില്ല

യുനാനി മരുന്ന വാങ്ങുന്നതിനുള്ള ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. പ്രണവം അസോസിയേറ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് മരുന്ന വാങ്ങിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ കമ്പാരേറ്റീവ് സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ ആകെ വാങ്ങിയ38ഇനം മരുന്നുകളിൽ 12 ഇനം മരുന്നുകൾക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അൽബിനാ യുനാനി ഫാർമസി എന്ന സ്ഥാപനത്തെ ഒഴിവാക്കി മുഴുവൻ മരുന്നുകളും പ്രണവം അസോസിയേറ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഈ 13 ഇനം മരുന്നുകൾ അൽബിനാ യുനാനി ഫാർമസി എന്ന സ്ഥാപനത്തിൽ നിന്നായിരുന്ന വാങ്ങിയതെങ്കിൽ ഈ വാങ്ങലിൽ 38533 ലാഭിക്കാമായിരുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന.

| ക്രമനം. | മരുന്ന് | പ്രണവം അസോസിയേറ്റിന് നൽകിയ വില | അൽബിനാ യുനാനി ഫാർമസി ക്വോട്ടു ചെയ്ത വില | അധിക വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Habbde suranjan | .30X29750 =8925 | .262X29750 =7795 | 8925-7795 =1130 |
| 2 | H.Thinker | .71X41650 =29572 | .694286X41650=28917 | 29572-28927 =655 |
| 3 | H.Shifa | .24X1190 =2856 | .232X11900 =2761 | 2856-2761 =95 |
| 4 | Chandraprabhavathi | 1.48X2400 =3552 | 1.088X2400 =2611 | 3552-2611 =940 |
| 5 | Hasgand | .86X15500 = 13330 | .58X15500 = 8990 | 13330-8990 = 4340 |
| 6 | Iksir Alam | 5X8350 = 41750 | 2.2X8350 = 18370 | 41750-18370 = 23380 |
| 7 | HK Noushadini | .57X6000 = 3420 | .49X6000 = 2940 | 3420-2940 = 480 |
| 8 | H.Bukhar | 1.72X11900 = 20468 | 1.44X11900 = 17136 | 20468-17136 = 3332 |
| 9 | M.Rall | 51.43X30 = 1543 | 48X30 = 1440 | 1543-1440 = 103 |
| 10 | Shunnab | 257.14X4 = 1029 | 231X4 = 924 | 1029-924 = 105 |

| | | | | |
|---|---|---|---|---|
| 11 | D.Suel | 1406.25X9 = 12656 | 1175.75X9 = 10582 | 12656-10482 = 2074 |
| 12 | Qurs,podina | .56X17900 = 10024 | .455X17900 = 8145 | 10024-8125 = 1899 |
| ആകെ | | | | 38533 |

2) മരുന്നുകമ്പനിയുടെ പേര് വ്യക്തമാക്കി ടെണ്ടർ വിളിച്ചു

NHM യുനാനി ഡിസ്‌പെൻസറിയിലെ മെഡിക്കൽ ഓഫീസർ 38 ഇനം മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചത് handard, Hermas എന്നീ കമ്പനികളുടെ മരുന്നുകൾ മെൻഷൻ ചെയ്തു കൊണ്ടാണ് ഇത് സ്റ്റോർ പർചേസ് നിയമങ്ങൾക്ക് വിരുദ്ധമാണ്

പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 ഫർണ്ണിച്ചർ വാങ്ങൽ - പ്രൊക്വയർമെന്റ് മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടേയും ഉപയോഗത്തിനു വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോഴും, പ്രവൃത്തികൾ നിർവ്വഹിക്കുമ്പോഴും സുതാര്യത നിലനിർത്തുന്നതിനും, ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് 08.11.2010ലെ(പി) 259/2010/ത.സ്വ.ഭ.വ നമ്പരായി സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പ്രകാരം വാങ്ങലിന്റെ ആവശ്യകത തിരിച്ചറിയുക, സാധനങ്ങളുടെ തരം, മൂല്യം, സ്‌പെസിഫിക്കേഷൻ എന്നിവ തീരുമാനിക്കൽ, വിതരണക്കാരെയ സേവനദാതാവിനെ തിരിച്ചറിയുക, ബജറ്റിൽ തുക ഉറപ്പാക്കുക, പ്രൊക്വയർമെന്റ് പദ്ധതി തയ്യാറാക്കുക എന്നീ നടപടിക്രമങ്ങൾ പാലിച്ചുവേണം ഓരോ വർഷത്തേക്കും ആവശ്യമായ സാധനങ്ങൾ വാങ്ങിക്കാൻ. എന്നാൽ ഫർണ്ണിച്ചറുകൾ വാങ്ങിയതിൽ മേൽ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. പല നിരക്കിൽ പല രീതിയിലാണ് നഗരസഭയിൽ വാങ്ങലുകൾ നടത്തുന്നത്. വർഷാരംഭത്തിൽ തന്നെ വർഷത്തെ ആകെ ഉപകരണങ്ങളുടെ ആവശ്യകതയും സ്‌പെസിഫിക്കേഷനും നിർണ്ണയിച്ച് വാങ്ങലുകൾ നടത്താത്തതിനാൽ

നഗരസഭയ്ക്ക് നഷ്ടം സംഭവിക്കാം. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | തുക | വൗച്ചർ നം, തീയതി | വിതരണം ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | ചെയർപെഴ്സണ് അലമാര | 9800/- | 21700069/22.04.2017 | ഹോംസ്റ്റൈൽ ഫർണ്ണിച്ചർ, കൊടുവള്ളി |
| 2 | വെറ്ററിനറി ഡിസ്പൻസറിയിലേക്ക് അലമാര | 5800/- | 21700068/ 22.04.2017 | |
| 3 | അലമാര, കസേര (സെക്രട്ടറി) | 10600/- | 21700275/30.06.2017 | |
| 4 | അലമാര (ഡെപ്യൂട്ടി ചെയർമാൻ) | 8500/- | 21700274/30.06.2017 | |
| 5 | ഓഫീസ് ടേബിൾ (ഡെപ്യൂട്ടി ചെയർമാൻ) | 16700/- | 21700273/30.06.17 | ന്യൂ കുറ്റിക്കാട്ടിൽ ഫർണ്ണിച്ചർ, കൊടുവള്ളി |
| 6 | അലമാര (GMLP സ്കൂൾ, വെണ്ണക്കോട്) | 5500/- | 21700321/19.07.17 | ഹോംസ്റ്റൈൽ ഫർണ്ണിച്ചർ, കൊടുവള്ളി |
| 7 | അലമാര (3 സ്റ്റാൻഡിംഗ് കമ്മറ്റിയിലേക്കും, 2 സെക്ഷനിലേക്കും) | 48400/- | 21700623/ 01.12.2017 | ഹോംസ്റ്റൈൽ ഫർണ്ണിച്ചർ, കൊടുവള്ളി |

മേൽ പറഞ്ഞ ഫർണ്ണിച്ചറുകൾ വാങ്ങിയതിൽ ക്രമ നം (1),(2),(6),(7) ക്വട്ടേഷൻ

നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ, ഫർണ്ണിച്ചറുകളുടെ സ്പെസിഫിക്കേഷൻ സംബന്ധമായ ഗേജ്, സൈസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ, ക്വട്ടേഷൻ/ടെണ്ടർ പരസ്യം ചെയ്തതിന്റെ രേഖകൾ എന്നിവയില്ല. ഫയലിൽ സൂക്ഷിച്ച ക്യാഷ് ബിൽ അംഗീകരിക്കാവുന്നതല്ല. പ്രൊക്യൂർമെന്റ് മിനട്സ് പരിശോധിച്ചതിൽ ഈ വാങ്ങലുകൾ പ്രൊക്വയർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടുമില്ല.

## 3-13 മുൻസിപ്പൽ പെൻഷൻ ഫണ്ട് - അക്കൗണ്ട് ആരംഭിച്ചില്ല

1996 – ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം, പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുൻസിപ്പൽപെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുൻസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. 2015 നവംബർ മാസം 1ാം തീയതി മുതൽ നഗരസഭ നിലവിൽ വന്നിട്ടും ഓഡിറ്റ് തീയതി വരെയും നഗരസഭയിൽ ഇത്തരത്തിൽ മുൻസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല.

ഇതേ ചട്ടത്തിലെ ചട്ടം 6 പ്രകാരം, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഡയറക്ടറുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലോ, ദേശസാൽകൃത ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലോ സെൻട്രൽ പെൻഷൻ ഫണ്ട് ആരംഭിച്ച് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുൻസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15ാം തീയതിക്കു മുൻപ് സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ പല മാസങ്ങളിലും ഇതിന് വീഴ്ച വരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | പെൻഷൻ വിഹിതം | സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം | |
|---|---|---|---|---|
| | | | തുക | ഡി.ഡി നം, തീയതി |
| 1 | ഏപ്രിൽ 2017 | 7,276 | 1380 | 407676/08.06.2017 |
| | | | 1864 | 407677/08.06.2017 |
| | | | 2394 | 407678/08.06.2017 |
| | | | 1638 | 407679/08.06.2017 |
| 2 | മെയ് 2017 | 31,185 | 31,185 | 407691/08.06.2017 |

| | | | | |
|---|---|---|---|---|
| 3 | ജൂൺ 2017 | 30,965 | 30,965 | 191822/21.07.2017 |
| 4 | ജൂലൈ 2017 | 34,965 | 34,965 | 191969/09.08.2017 |
| 5 | ആഗസ്റ്റ്2017 | 34,965 | 34,965 | 192303/20.10.2017 |
| 6 | സപ്തംബർ 2017 | 35,183 | 35,183 | 192306/20.10.2017 |
| 7 | ഒക്ടോബർ 2017 | 32,042 | 32,042 | 192450/22.11.2017 |
| 9 | നവംബർ 2017 | 43,488 | 83,502 | 079379/08.02.2018 |
| 10 | ഡിസംബർ 2017 | 40,014 | | |
| 11 | ജനവരി 2018 | 43,589 | 43,589 | 079388/17.02.2018 |
| 12 | ഫെബ്രുവരി 2018 | 43,014 | 1,50,332 (35,446(4/18)+35,446(5 /18)ഉൾപ്പടെ ) | 079459/22.06.2018 |
| 13 | മാർച്ച് 2018 | 36,396 | | |

2017 ഏപ്രിൽ മാസത്തിലെ പെൻഷൻ വിഹിതം തുക 08.06.2017 ലും, 2017 നവംബർ, ഡിസംബർ, ജനവരി മാസങ്ങളിലേത് ഫെബ്രുവരി മാസത്തിലും, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് 2018 ജൂൺ മാസത്തിലുമാണ് അടവാക്കിയിരിക്കുന്നത്.

പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതും, നഗരസഭ രൂപീകരിച്ച് 3 വർഷത്തോളമായിട്ടും മുൻസിപ്പൽ ഫണ്ട് അക്കൗണ്ട് ആരംഭിക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/01.10.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2017 നവംബർ, ഡിസംബർ, ജനവരി മാസങ്ങളിൽ തനത് ഫണ്ട് കുറവായതിനാലും, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഉപതെരഞ്ഞെടുപ്പ് സംബന്ധമായ ജോലിയിൽ ആയതിനാലുമാണ് യഥാസമയം തുക അടവാക്കുന്നതിൽ വീഴ്ച വന്നതെന്ന് അറിയിച്ചിട്ടുണ്ട്.
ചട്ടപ്രകാരമുള്ള സമയപരിധിക്കകം ഡിമാൻഡ് ഡ്രാഫ്റ്റ് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയം പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകാൻ മുൻസിപ്പാലിറ്റിക്ക് ബാധ്യത ഉണ്ടായിരിക്കും. ഇത് ഒഴിവാക്കുന്നതിനായി പെൻഷൻ കോൺട്രിബ്യൂഷൻ തുക യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതും, മുൻസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-14 പെൻഷൻ കോൺട്രിബ്യൂഷൻ - മൊത്ത ശമ്പളത്തിനു പകരം അടിസ്ഥാന ശമ്പളത്തിന്റെ 15% അടവാക്കുന്നു

1996 – ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയിൽ ജീവനക്കാരുടെ അടിസ്ഥാനശമ്പളത്തിന്റെ 15% ആണ് അടവാക്കി വരുന്നത്. വിശദ വിവരം ചുവടെ :

| മാസം | ജീവനക്കാരന്റെ പേര്, തസ്തിക, അടിസ്ഥാന ശമ്പളം | മൊത്ത ശമ്പളം | അടവാക്കേണ്ട പെൻഷൻ വിഹിതം | അടവാക്കിയ പെൻഷൻ വിഹിതം | കുറവ് |
|---|---|---|---|---|---|
| ഏപ്രിൽ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 33900 | 40416 | 6062 | 5085 | 977 |
| | ശ്രീ. പദ്മനാഭ പിള്ള 29900 | 35576 | 5336 | 4485 | 851 |
| മെയ് 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മേദലി അഷ് | 60844 | 9127 | 7740 | 1387 |

| | | | | | |
|---|---|---|---|---|---|
| | റഫ് പി. പി, HI Gr.I 51600 | | | | |
| | ശ്രീ. വർഗീസ് കുരുവിള 33900, RI | 40416 | 6062 | 5085 | 977 |
| | ശ്രീ. പദ്മനാഭ പിള്ള 29900, JHI Gr.I | 37410 | 5612 | 4725 | 887 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| ജൂൺ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ് റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 33900, RI | 40416 | 6062 | 5085 | 977 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. പദ്മനാഭ പിള്ള 29900, JHI Gr.I | 37410 | 5612 | 4725 | 887 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25200 | 29978 | 4497 | 3780 | 717 |
| ജൂലായ് 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 33900, RI | 40416 | 6062 | 5085 | 977 |
| | ശ്രീ. പദ്മനാഭ പിള്ള 29900, JHI Gr.I | 37410 | 5612 | 4725 | 887 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25200 | 29978 | 4497 | 3780 | 717 |
| ആഗസ്റ്റ് 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 33900, RI | 40416 | 6062 | 5085 | 977 |
| | ശ്രീ. പദ്മനാഭ പിള്ള 29900, JHI Gr.I | 37410 | 5612 | 4725 | 887 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25200 | 29978 | 4497 | 3780 | 717 |
| സെപ്തംബർ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 33900, RI | 40416 | 6062 | 5085 | 977 |
| | ശ്രീ. പദ്മനാഭ പിള്ള 32300, JHI Gr.I | 38492 | 5774 | 4845 | 929 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25200 | 29978 | 4497 | 3780 | 717 |
| ഒക്ടോബർ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 40500 | 47670 | 7151 | 6075 | 1076 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. വർഗീസ് കുരുവിള 18590, RI | 22164 | 3325 | 2789 | 536 |
| | ശ്രീ. പദ്മനാഭ പിള്ള 29900, JHI Gr.I | 8692 | 5612 | 1304 | 210 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25200 | 29978 | 4497 | 3780 | 717 |

| | | | | | |
|---|---|---|---|---|---|
| | ശ്രീമതി. ബീന കെ.കെ, RI, 19374 | 22861 | 3429 | 2906 | 523 |
| നവംബർ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 41500 | 48810 | 7322 | 6225 | 1097 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25850 | 30719 | 4608 | 3878 | 730 |
| | ശ്രീമതി. ബീന കെ.കെ, RI, 33900 | 40416 | 6062 | 5085 | 977 |
| | ശ്രീമതി. ജില. എം, JHI, 29900 | 35756 | 5363 | 4485 | 878 |
| | ശ്രീ. ബഷീർ. കെ. കെ സീനി. ക്ലാർക്ക് | 38322 | 5748 | 4845 | 903 |

| | | | | | |
|---|---|---|---|---|---|
| | 32300 | | | | |
| ഡിസംബർ 2017 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 41500 | 48810 | 7322 | 6225 | 1097 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 51600 | 60844 | 9127 | 7740 | 1387 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25850 | 30719 | 4608 | 3878 | 730 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25850 | 30719 | 4608 | 3878 | 730 |
| | ശ്രീമതി. ബീന കെ.കെ, RI, 33900 | 40416 | 6062 | 5085 | 977 |
| | ശ്രീമതി. ജില. എം, JHI, 29900 | 35756 | 5363 | 4485 | 878 |
| | ശ്രീ. ബഷീർ. കെ. കെ സീനി. ക്ലാർക്ക് 32300 | 38322 | 5748 | 4845 | 903 |

| | | | | | |
|---|---|---|---|---|---|
| ജനവരി 2018 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 41500 | 48810 | 7322 | 6225 | 1097 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 52800 | 61962 | 9294 | 7920 | 1374 |
| | ശ്രീ. സുനിൽകുമാർ. കെ, RI, 33900 | 40166 | 6025 | 5085 | 940 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4498 | 3780 | 718 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4498 | 3780 | 718 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25850 | 30719 | 4608 | 3878 | 730 |
| | ശ്രീമതി. ജില. എം, JHI, 29900 | 35756 | 5363 | 4485 | 878 |
| | ശ്രീ. ബഷീർ. കെ. കെ സീനി. ക്ലാർക്ക് 32300 | 23488 | 3523 | 2969 | 554 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. സുരേഷ്. കെ. കെ,സീനി. ക്ലാർക്ക് 26500(19661) | 23285 | 3493 | 2949 | 544 |
| | ശ്രീ. ഷാജി. ആർ. പി, സീനി. ക്ലാർക്ക് 25850(16677) | 19786 | 2968 | 2502 | 466 |
| ഫെബ്രുവരി 2018 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 41500 | 48810 | 7322 | 6225 | 1097 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 52800 | 61962 | 9294 | 7920 | 1374 |
| | ശ്രീ. സുനിൽകുമാർ. കെ, RI, 33900 | 40166 | 6025 | 5085 | 940 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25850 | 30719 | 4608 | 3878 | 730 |
| | ശ്രീമതി. ജില. എം, | 35756 | 5363 | 4485 | 878 |

| | | | | | |
|---|---|---|---|---|---|
| | JHI, 29900 | | | | |
| | ശ്രീ. സുരേഷ്. കെ. കെ, 26500 | 31460 | 4719 | 3975 | 744 |
| | ശ്രീ. ഷാജി. ആർ. പി 25850 | 30719 | 4608 | 3878 | 730 |
| മാർച്ച് 2018 | ശ്രീ. അനിൽകുമാർ. എ.എം, ജൂനിയർ സൂപ്രണ്ട്, 41500 | 48810 | 7322 | 6225 | 1097 |
| | ശ്രീ. മുഹമ്മദലി അഷ്റഫ് പി. പി, HI Gr.I 52800 | 61962 | 9294 | 7920 | 1374 |
| | ശ്രീ. സുനിൽകുമാർ. കെ, RI, 33900 | 40166 | 6025 | 5085 | 940 |
| | ശ്രീ. സാലിഹ്. ഇ.കെ, സീനി. ക്ലാർക്ക്, 25200 | 29978 | 4497 | 3780 | 717 |
| | ശ്രീ. അനീഷ്. വി.എം, സീനി. ക്ലാർക്ക്, 25200 | 3868 | 580 | 488 | 92 |
| | ശ്രീ. ജോൺസൺ, കെ. ജെ, സീനി.ക്ലാർക്ക്,25850 | 3964 | 595 | 500 | 95 |
| | ശ്രീമതി. ജില. എം, JHI, 29900 | 35756 | 5363 | 4485 | 878 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ. സുരേഷ്. കെ. കെ, 26500 | 31460 | 4719 | 3975 | 744 |
| | ശ്രീ. ഷാജി. ആർ. പി 25850 | 30719 | 4608 | 3878 | 730 |

ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-15 ശമ്പള പരിഷ്കരണ കുടിശ്ശിക – ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളവിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700095/28.04.2017 | 62,334 |
| II | 21700609/30.11.2017 | 2,98,218 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതുക്കിയ ശമ്പള നിരക്കിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ കുടിശ്ശിക അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോണ്ടട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് , തസ്തിക | ശമ്പള പരിഷ്കരണത്തിനു | ശമ്പള പരിഷ്കരണത്തിനു | വ്യത്യാസം |
|---|---|---|---|

| | ശേഷം അടവാക്കേണ്ടത് | | മുമ്പ് അടവാക്കിയത് | | |
|---|---|---|---|---|---|
| ശ്രീ. പ്രഭാകരൻ. കെ, ക്ലാർക്ക് | 27150x4x15/100 (07/14-10/14) | 16920 | 13210x4x15/100 (07/14-09/14) | 7926 | 8994 |
| | 27800x1x15/100 (11/14-12/14) | 4170 | 13540x1x15/100 (11/14-12/14) | 2031 | 2139 |
| | 27800x9x15/100 (1/15-09/15) | 37530 | 12880x9x15/100 (1/15-09/15) | 17388 | 20142 |
| | 27800x1x15/100 (10/15) | 4170 | 13210x1x15/100 (10/15) | 1982 | 2188 |
| | 28500x3x15/100 (11/15-01/16) | 12825 | 13210x3x15/100 (11/15-01/16) | 5945 | 6680 |
| ശ്രീ. ബാബുപ്രസാദ് സെക്രട്ടറി | 65400x5x15/100 (07/14-11/14) | 49050 | 32860x5x15/100 (07/14-11/14) | 24645 | 24405 |
| | 53715x1x15/100 (12/14) | 8057 | 25740x1x15/100 (12/14) | 3861 | 4196 |
| | 33525x9x15/100 (01/15-09/15) | 45259 | 16430x9x15/100 (01/15-09/15) | 22181 | 23078 |
| | 67050x4x15/100 (10/15-1/16) | 40230 | 32860x4x15/100 (10/15-1/16) | 19716 | 20514 |
| ശ്രീ. ഗിരീഷ്. എം, | 40500x1x15/100 | 6075 | 19740x1x15/100 | 2961 | 3114 |

| | | | | | |
|---|---|---|---|---|---|
| | (07/14-08/14) | | (07/14-08/14) | | |
| അസി. സെക്രട്ടറി | 41500x12x15/100 (09/14-08/15) | 74700 | 20240x12x15/100 (09/14-08/15) | 36432 | 38268 |
| | 42500x5x15/100 (09/15-01/16) | 31875 | 20740x5x15/100 (09/15-01/16) | 15555 | 16320 |
| ശ്രീ. ഗോപകുമാർ. കെ.ജി, ജൂനിയർ സൂപ്രണ്ട് | 33900x7x15/100 (07/14-01/15) | 35595 | 16980x7x15/100 ((07/14-06-15)) | 17829 | 17766 |
| | 34800x9x15/100 (2/15-10/15) | 46980 | 17420x9x15/100 (2/15-10/15) | 23517 | 23463 |
| | 35700x3x15/100 (11/15-01/16) | 16065 | 17860x3x15/100 (11/15-01/16) | 8037 | 8028 |
| ശ്രീമതി. ഇന്ദിര. കെ, അക്കൗണ്ടന്റ് | 29900x12x15/100 (07/14-06/15) | 53820 | 14980x12x15/100 (07/14-06/15) | 26964 | 26856 |
| | 30700x1x15/100 (07/15) | 4605 | 15380x1x15/100 (07/15) | 2307 | 2298 |
| | 31180x1x15/100 (08/15) | 4677 | 15620x1x15/100 (08/15) | 2343 | 2334 |
| | 32300x5x15/100 (09/15-01/16) | 24225 | 16180x5x15/100 (09/15-01/16) | 12135 | 12090 |
| ശ്രീ. ബിജു. ടി, സീനിയർ | 29200x3x15/100 | 13140 | 14620x3x15/100 | 6579 | 6561 |

| | | | | | |
|---|---|---|---|---|---|
| ക്ലാർക്ക് | (07/14-09/14) | | (07/14-09/14) | | |
| | 29900x12x15/100<br>(10/14-09/15) | 53820 | 14620x12x15/100<br>(04/15-09/15) | 26316 | 27504 |
| | 30700x4x15/100<br>(10/15-01/16) | 18420 | 15380x4x15/100<br>(10/15-01/16) | 9228 | 9192 |
| ശ്രീ. ബിനുലാൽ. എ, സീനിയർ ക്ലാർക്ക് | 27150x11x15/100<br>(07/14-05/15) | 44798 | 13540x11x15/100<br>(07/14-05/15) | 22341 | 22457 |
| | 27800x8x15/100<br>(06/15-01/16) | 33360 | 13900x8x15/100<br>(06/15-01/16) | 16680 | 16680 |
| ശ്രീമതി. പുഷ്പവല്ലി. ടി.കെ<br>സീനിയർ ക്ലാർക്ക് | 27150x12x15/100<br>(7/14-06/15) | 48870 | 13540x12x15/100<br>(7/14-06/15) | 24372 | 24498 |
| | 27800x7x15/100<br>(07/15-01/16) | 29190 | 13900x7x15/100<br>(07/15-01/16) | 14595 | 14595 |
| ശ്രീ. ജിയാസ്. കെ. എ, ക്ലാർക്ക് | 22200x11x15/100<br>(7/14-05/15) | 36630 | 11020x11x15/100<br>(7/14-05/15) | 18183 | 18447 |
| | 22800x8x15/100<br>(6/15-01/16) | 27360 | 11320x8x15/100<br>(6/15-01/16) | 13584 | 13776 |
| ശ്രീ. അശോകൻ. ടി<br>ഓഫീസ് അറ്റൻഡന്റ് | 20000x12x15/100<br>(07/14-06/15) | 36000 | 9690x12x15/100<br>(07/14-06/15) | 17442 | 18558 |
| | 20550x7x15/100 | 21578 | 9940x7x15/100 | 10437 | 11141 |

| | | | | | |
|---|---|---|---|---|---|
| | (07/15-01/16) | | (07/15-01/16) | | |
| ശ്രീ. സുനിൽകുമാർ, ഓഫീസ് അറ്റൻഡന്റ് | 25850x13x15/100 (07/14-07/15) | 50408 | 12880x13x15/100 (07/14-07/15) | 25116 | 25292 |
| | 26500x6x15/100 (08/15-01/16) | 23850 | 13210x6x15/100 (08/15-01/16) | 11889 | 11961 |
| ശ്രീ. ശ്രീനിവാസൻ. എം, ഫുൾ ടൈം സ്വീപ്പർ | 21100x8x15/100 (07/14-02/15) | 25320 | 10210x8x15/100 (07/14-02/15) | 12252 | 13068 |
| | 22800x11x15/100 (03/15-01/16) | 37620 | 11020x11x15/100 (03/15-01/16) | 18183 | 19437 |
| ശ്രീ. രാജൻ എഫ്.ടി.എസ് | 21100x9x15/100 (07/14-03/15) | 28485 | 10210x9x15/100 (07/14-03/15) | 13784 | 14701 |
| | 22800x2x15/100 (04/15-06/15) | 6840 | 10210x2x15/100 (04/15-06/15) | 3063 | 3777 |
| | 22800x7x15/100 (07/15-01/16) | 23940 | 11020x7x15/100 (07/15-01/16) | 11571 | 12369 |
| ശ്രീമതി. റീജാബായ് എഫ്.ടി.എസ് | 21100x9x15/100 (07/14-03/15) | 28485 | 10210x9x15/100 (07/14-03/15) | 13784 | 14701 |
| | 22800x2x15/100 (04/15-6/15) | 6840 | 10210x2x15/100 (04/15-6/15) | 3063 | 3777 |
| | 22800x8x15/100 | 27360 | 11020x8x15/100 | 13224 | 14136 |

| | | | | | |
|---|---|---|---|---|---|
| | (06/15-01/16) | | (06/15-01/16) | | |
| ശ്രീമതി. കല്ല്യാണി, പി.ടി.എസ് | 11820x12x15/100 (07/14-06/15) | 21276 | 5760x12x15/100 1(07/14-06/15) | 10368 | 10908 |
| | 12060x8x15/100 (06/15 -01/16) | 14472 | 5880x8x15/100 (06/15 -01/16) | 7056 | 7416 |
| | | | | | 597825 |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## **3-16** ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് - എസ്.ഒ. -154/17 -18

അടങ്കൽ - 300000

ചെലവ് - 300000

ബിൽ നമ്പർ - 1/2017-18 14-01-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കൊടുവള്ളി

മേൽ പദ്ധതിയിൽ കൊടുവള്ളി നഗര സഭയിലെ 2 ഹോമിയോ ആശുപത്രികളിലേയ്ക്ക് ഒന്നര ലക്ഷം രൂപ വീതം വിലയുള്ള മരുന്നുകൾ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) സമയ ബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല

ആശുപത്രികളിലെ മരുന്നിന്റെ ആവശ്യകത പരിഗണിച്ച് നേരത്തെ തന്നെ പദ്ധതി തയ്യാറാക്കുകയും 14-01-2018 ന് മരുന്നിന്റെ ആവകശ്യകതയും 300000 രൂപയും ഹോമിയോപതിക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആശുപത്രി | ലഭ്യമായ | മരുന്ന് ലഭിച്ച |
|---|---|---|

| | മരുന്നിന്റെ വില | തിയ്യതി |
|---|---|---|
| ഹോമിയോ ആശുപത്രി കൊടുവള്ളി | 103420 | 28-05-2018 |
| | 46760 | 10-08-2018 |
| വാവാട് SCSP ഹോമിയോപതി ഹെൽത്ത് സെന്റർ | 52985 | 22-05-2018 |
| | 97015 | 01-08-2018 |
| ആകെ | 300000 | |

മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസ മുണ്ടായിട്ടും ആരോഗ്യസ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലും നടത്തിയിട്ടില്ല.

2) ആവശ്യകതയ്ക്കനുസരിച്ച് മരുന്ന് ലഭ്യമാകുന്നില്ല

ഹോമിയോ ആശുപത്രികൾ തയ്യാറാക്കി അയയ്ക്കുന്ന ആവശ്യകതയ്ക്കനുസരിച്ചുള്ള എല്ലാ മരുന്നുകളും ഹോംകോയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. കൊടുവള്ളി ഹോമിയോ ആശുപത്രിയിലേയ്ക്ക് 138 ഐറ്റം മരുന്നുകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും 2 തവണയായി 99 (33+62) തരം മരുന്നുകളേ ലഭിച്ചിട്ടുള്ളൂ. അതു പോലെ വാവാട് SCSP ഹോമിയോപതി ഹെൽത്ത് സെന്ററിലേയ്ക്ക് 274 ഐറ്റം മരുന്നുകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ടെങ്കിലും ലഭിച്ചിട്ടുള്ളത് 199 തരം മരുന്നുകൾ മാത്രമാണ്(160+39) . നൽകിയ 3 ലക്ഷം രൂപയ്ക്ക് കണക്കാക്കി മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആവശ്യമുള്ള മുഴുവനും മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.

3) ഹോമിയോ മരുന്നുകൾ 2 ആശുപത്രികളിലായി 4 തവണ ഇറക്കിയതിന്റെ ബില്ലുകൾ പരിശോധിച്ചപ്പോൾ ബില്ലുകളിൽ നിന്ന് ഫ്രൈറ്റ് ചാർജ് എന്ന പേരിൽ 9836 രൂപ ഈടാക്കിയിട്ടുള്ളത് എന്തിനെന്ന് വ്യക്തമല്ല.

പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-17** അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐ.പി സൗകര്യങ്ങൾ ഒരുക്കുന്നില്ല, എക്സ്റേ

## യൂണിറ്റ് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

കൊടുവള്ളി മുൻസിപ്പാലിറ്റിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പൊതു ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാകുന്ന ഐ.പി സൗകര്യം ഒരുക്കുന്നതിനുള്ള എല്ലാഭൗതിക സാഹചര്യങ്ങളുമുണ്ട്.പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രത്യകം വാർഡുകൾ അതിനാവശ്യമായ ഫർണിച്ചറുകൾ, വൈദ്യുതി , ഇലക്ട്രോണിക്ക് സൗകര്യങ്ങൾ, ആവശ്യമായ സ്റ്റാഫ് എന്നിവ ഉണ്ട്. 30 സ്ഥിരം സ്റ്റാഫിൽ 3 ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് -3 , ഹെഡ് നഴ്സ് -1 ,JPHN- 7, ലാബ് ടെക്നിഷ്യൻ -1, ഫാർമസിസ്റ്റ് -1, നഴ്സിങ്ങ് അസിസ്റ്റന്റ് -1 , ഹെൽത്ത് ഇൻസ്പെക്ടർ I -1, ഹെൽത്ത് ഇൻസ്പെക്ടർ II -2, JHI -4, PHN -1, റേഡിയോ ഗ്രാഫർ -2, ക്ലർക്ക്-1, പ്യൂൺ-1, പി.ടി.എസ്-1 എന്നിവ ഉൾപ്പെടുന്നു. കൂടാതെ എച്ച്.എം.സി. വഴി താൽക്കാലികമായി നിയമിച്ച 4 ജീവനക്കാർ ഉണ്ട്. (ലാബ് ടെക്നിഷ്യൻ-1, ഫാർമസിസ്റ്റ് -1, ക്ലീനിങ്ങ് സ്റ്റാഫ്-2) പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി താല്ക്കാലികാടിസ്ഥാനത്തിൽ വേറെയും ജീവനക്കാർ ഇവിടെ പ്രവർത്തിയ്ക്കുന്നുണ്ട്. ഇത്തരത്തിൽ സൗകര്യങ്ങളൊക്കെയുണ്ടായിട്ടും രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടികൾ ആരംഭിയ്ക്കാത്തത് വീഴ്ചയാണ്. ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഈ വിഷയത്തിൽ ഇടപെടൽ നടത്തിയതായി കാണുന്നില്ല.

സി. എച്ച്.സിയിലേയ്ക്ക് എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് തൻവർഷം 3 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ

| പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|---|
| എസ്.ഒ. -248/17 -18 എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കൊടുവള്ളി | 2200000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | പദ്ധതി നടപ്പിലാക്കിയില്ല. |
| എസ്.ഒ. -367/17-18 സി.എച്ച്.സി- എക്സ്റേ പ്രൊട്ടക്ഷൻ സാധനങ്ങൾ വാങ്ങൽ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കൊടുവള്ളി | 250000 തനത് ഫണ്ട് | പദ്ധതി നടപ്പിലാക്കിയില്ല. |

| | | | |
|---|---|---|---|
| എസ്.ഒ. -368/17 -18 സി.എച്ച്.സി- എക്സ്റേ സ്ഥാപിക്കുന്നതിന് സൗകര്യമൊരുക്കൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 750000 വികസന ഫണ്ട് | പദ്ധതി നടപ്പിലാക്കിയില്ല. |
| ആകെ വകയിരുത്തിയ തുക | | 3200000 | |

3200000 രൂപ വകയിരുത്തിയിട്ടും ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാകുന്ന പദ്ധതി നടപ്പിലാക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. യഥാസമയം പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാൽ ഫണ്ട് പാഴാകുന്നതിന് ഇടയായിട്ടുണ്ട്. നിലവിൽ 2 റേഡിയോ ഗ്രാഫർമാർ ഉണ്ടെങ്കിലും എക്സ്റെ സൗകര്യം ഒരുക്കാത്തതിനാൽ മറ്റു സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരികയാണ്.

പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 എസ്.സി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം - പദ്ധതി പൂർത്തീകരിച്ചില്ല

പ്രൊജക്റ്റ് നം. : S0327/18

അടങ്കൽ : 6,53,333/-(4,90,000(വികസന ഫണ്ട് - SCP)
1,63,333(ഗുണഭോക്തൃ വിഹിതം))

ചെലവ് : 4,89,744/- (ബിൽ നം. 311/17-18 തീ. 28.03.2018)

നിർവ്വഹണം : സെക്രട്ടറി

നഗരസഭയിലെ സ്ഥിരം താമസക്കാരായ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകുന്നതിനായിട്ടാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. 304 കുടുംബങ്ങൾക്ക് 500ltr. വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ltd. എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ 11.01.2018 ലെ 7ാം നം. തീരുമാനപ്രകാരം പ്രൊക്വയർമെന്റ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഒരു ടാങ്കിന്റെ വില 2148/- രൂപ(1611 plan + 537 ഗു.വി)യായാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.

ഇതു പ്രകാരം, 08.03.2018 ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് (G4.1147/18 തീ. 08.03.2018). 304 ടാങ്കുകൾ ആവശ്യപ്പെട്ടതിൽ 228 ടാങ്കുകൾ 31.03.2018 ൽ സ്ഥാപനത്തിൽ ലഭ്യമാക്കുകയും ആയവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒരെണ്ണം Damage എന്ന് ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.(ഇത് വിതരണം ചെയ്തോ എന്നത് സംബന്ധിച്ച രേഖകൾ ഇല്ല). സപ്ലൈ ഓർഡർ പ്രകാരം ആവശ്യപ്പെട്ട 304 ടാങ്കുകളിൽ ശേഷിക്കുന്ന 77 ടാങ്കുകൾ (Damage ആയ 1 ഉൾപ്പടെ) ഓഡിറ്റ് തീയതി വരെയും നഗരസഭയിൽ വിതരണം ചെയ്തിട്ടില്ല.

G4-1147/18 തീ. 23.08.2018, G4-7077/18 തീ. 15.09.2018 എന്നീ കത്തുകൾ പ്രകാരം ശേഷിക്കുന്ന ടാങ്കുകൾ ലഭ്യമാക്കുന്നതിനായി നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടാങ്കുകൾ ലഭ്യമാക്കിയിട്ടില്ല. 18.09.2018 ൽ KSIE സമർപ്പിച്ച മറുപടിയിൽ, ഉൽപ്പന്നത്തിന്റെ വില വർദ്ധിച്ചതിനാൽ ശേഷിക്കുന്ന ടാങ്കുകൾ വിതരണം ചെയ്യുന്നതിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, 15.03.2018 ൽ സ്ഥാപനം നഗരസഭയുമായി ചമച്ച കരാർ, നിബന്ധന 17 പ്രകാരം സ്ഥാപനം ഓർഡർ ചെയ്ത ടാങ്കുകൾ 30 ദിവസത്തിനകം വിതരണം ചെയ്യേണ്ടതാണ്. എന്നാൽ നാളിതുവരെ ആയിട്ടും ശേഷിക്കുന്ന 77 ടാങ്കുകൾ വിതരണം ചെയ്തിട്ടില്ല. കരാർ ലംഘനം നടത്തിയതിനാൽ സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്തൃ വിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് അടിയന്തരമായി ടാങ്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. KSIE യ്ക്ക് തുക കൈമാറിയതിന്റെയോ, സ്ഥാപനം തുക കൈപ്പറ്റിയതിന്റെയോ രേഖകൾ ഫയലിൽ ഇല്ല. 4,89,744/- രൂപയുടെ ട്രഷറി ബിൽ (311/17-18 തീ. 28.03.2018)മാത്രമേ ഫയലിൽ ഉള്ളൂ. ശേഷിക്കുന്ന 1,63,248/- രൂപ സ്ഥാപനത്തിന് നൽകിയോ എന്നതിന്റെ വിവരം ലഭ്യമല്ല. (489744 + 163248 = 652992/- രൂപ)

2. പദ്ധതിയിൽ വാട്ടർടാങ്ക് വാങ്ങുന്നതിനായി 311/17-18 തീ. 28.03.2018 പ്രകാരം 489744/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഐ.കെ.എം. ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയ്ക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

3. Damage ആയ ടാങ്ക് മാറ്റി പുതിയ ടാങ്ക് നൽകിയോ എന്നതിന്റെ വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(20/01.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 3-19 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ : പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് - എസ്.ഒ. -343/17 -18

അടങ്കൽ - 400000 വികസന ഫണ്ട്

ചെലവ് - 324590

ബിൽ നമ്പർ - 1/2017-18 15-01-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ ജി.എച്ച്.എസ്.എസ്. കൊടുവള്ളി

കൊടുവള്ളി നഗര സഭയിലെ എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് എന്ന സ്ഥാപനത്തിൽ നിന്ന് 82 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൈക്കിൾ വാങ്ങിയതിന്റെ ബില്ലും പ്രൊജക്ടും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) വാങ്ങിയ സൈക്കിളുകൾ സ്റ്റോക്കിൽ എടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) സൈക്കിൾ വാങ്ങിയതുമായി ബന്ധപ്പെട്ട ടെണ്ടർ ഫയലുകൾ ഹാജരാക്കിയിട്ടില്ല.

3) അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

4) ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതിന് നൽകിയ റിക്വിസിഷന് മറുപടിയായി രേഖകൾ വിജിലൻസിന് പരിശോധനയ്ക്ക് ലഭ്യമാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. 3,24,590 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-20 <u>ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

പ്രൊജക്റ്റ് - എസ്.ഒ. -272/17 -18

അടങ്കൽ - 400000

ചെലവ് - 400000

ബിൽ നമ്പർ - 3/2017-18 10-01-18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി കൊടുവള്ളി

ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) <u>സമയ ബന്ധിതമായി മരുന്ന് ലഭ്യമാകുന്നില്ല</u>

കൊടുവള്ളി ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് (എൻ.ആർ.എച്ച്.എം) മരുന്നിന്റെ

ആവശ്യകത പരിഗണിച്ച് ഔഷധിയ്ക്ക് ഇൻറന്റ് നൽകി മരുന്ന ലഭ്യമാക്കുന്നതിന് ഓർഡർ നൽകി.10-01-2018 ന് മരുന്ന് വില ഔഷധിയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 12-01-2018 ന് ഔഷധിയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് സപ്ലൈ ചെയ്യുമെന്ന് അറിയിച്ചിരുന്നു. എന്നാൽ മരുന്നുകൾ കൃത്യമായി ലഭ്യമാക്കു ന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. 15 തവണയായിട്ടാണ് മരുന്നുകൾ ലഭ്യമാക്കിയത് .

18-08-2018 നാണ് മരുന്ന് വിതരണം പൂർത്തിയാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ലഭ്യമായ മരുന്നിന്റെ വില | മരുന്ന് ലഭിച്ച തിയ്യതി |
|---|---|---|
| 1 | 44341 | 5-2-18 |
| 2 | 48754 | 5-2-18 |
| 3 | 20706 | 5-2-18 |
| 4 | 32998 | 5-2-18 |
| 5 | 19714 | 28-3-18 |
| 6 | 10126 | 28-3-18 |
| 7 | 45939 | 17-4-18 |
| 8 | 13729 | 17-4-18 |
| 9 | 2894 | 17-4-18 |
| 10 | 28415 | 5-6-18 |
| 11 | 19131 | 6-7-18 |
| 12 | 35321 | 6-7-18 |
| 13 | 1756 | 1-8-18 |
| 14 | 11977 | 1-8-18 |
| 15 | 11350 | 9-8-18 |
| 16 | 4133 | 9-8-18 |
| 17 | 47716 | 18-8-18 |

മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസമുണ്ടായിട്ടും ആരോഗ്യസ്റ്റാന്റിങ്ങ് കമ്മറ്റി യാതൊരു ഇടപെടലും നടത്തിയിട്ടില്ല.

2) മരുന്നുകൾ സ്റ്റോക്കിൽ എടുക്കാത്തത് സംമ്പന്ധിച്ച്

മേൽ പദ്ധതിയിൽ ലഭ്യമായിട്ടുള്ള താഴെ പറയുന്ന മരുന്നുകൾ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ

| ഇൻവോയ്സ് നമ്പർ, തിയ്യതി | മരുന്ന് | എണ്ണം | യൂണിറ്റ് വില | ആകെ |
|---|---|---|---|---|
| 90063125/15-05-18 | അഷ്ട ചൂർണ്ണം സിറപ്പ് | 76 | 34 | 2534 |
| 90050759/27-01-18 | അവിപതി ചൂർണ്ണം | 41 | 6 | 246 |

കൂടാതെ മരുന്നുകൾ സ്റ്റോക്കിൽ എടുക്കുന്നതും ഒ.പി.റജിസ്റ്ററിലേയ്ക്ക് മാറ്റുന്നതും സ്റ്റോക്ക് റജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല.

പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-21 ഇ.എം.ഡി. തുക അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നു

പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ നടപ്പിലാക്കിയ പദ്ധതികളിലെ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ടെണ്ടറിൽ പങ്കെടുക്കുന്നവരിൽ നിന്ന് ഇ.എം.ഡി യായി സ്വീകരിക്കുന്ന ഡി.ഡി കൾ മുൻസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ചില ഉദാഹരണങ്ങൾ

| ഡി.ഡി.നമ്പർ,തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|
| 799078/ 10-01-2018 | 4000 | സെൻസ് ഇന്നോവേഷൻ എന്ന സ്ഥാപനം ലഭ്യമാക്കിയ ഡി.ഡി |
| 828513/ 10-01-2018 | 1000 | മോണ്ട് ബ്ലാങ്ക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ലഭ്യമാക്കിയ ഡി.ഡി |
| 192596/ 11-01-2018 | 4000 | ബിൽഡസ് എന്ന സ്ഥാപനം ലഭ്യമാക്കിയ ഡി.ഡി |

27.08.2010 ലെ 80/2010/ധന നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിച്ച് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . ഡി.ഡിതുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതിരിക്കുന്നതിനാൽ മുൻസിപ്പാലിറ്റിക്ക് പലിശയിനത്തിൽ തുക നഷ്ടപ്പെടുകയും ചെയ്യുന്നു. കൂടാതെ തുക ക്ലെയിം ചെയ്യാതെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചുവയ്ക്കുന്നത് ഡി.ഡി. കാലഹരണപ്പെടുന്നതിനുമിടയാക്കും. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലഹരണപ്പെടുന്നതിന് കാരണമാകുന്നു.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-22 ദേശീയ നഗര ഉപജീവന മിഷൻ ( NULM) കുടുംബശ്രീ പദ്ധതി തുക വിനിയോഗം സംബന്ധിച്ച്

ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി നഗരദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ശാക്തീകരണത്തിനായും എ.ഡി.എസ് കൾക്ക് (ഏരിയാതല ഫെഡറേഷൻ ALF) സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും റിവോൾവിങ്ങ് ഫണ്ട് അനുവദിക്കുന്നതിന് കുടുംബശ്രീ സി.ഡി.എസ് വഴി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാനദണ്ഡമനുസരിച്ച് പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതവും വാർഡ് തല സമിതികൾക്ക് 50000 രൂപ വീതവുമാണ് അനുവദിച്ചിട്ടുള്ളത്. കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 4-7-2015 ലെ 6701/F/2013/KSHO നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

167 അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതവും (10000X167=1670000 ) 18എ.ഡി.എസ് കൾക്ക് 50000 രൂപ വീതവും (50000X18=900000) അനുവദിക്കുന്നതിനായി സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഉൾപ്പെടെ സംസ്ഥാന മിഷനിലേയ്ക്ക് അപേക്ഷ നൽകിയതിന്റെ അടിസാഥാനത്തിൽ കുടുംബ ശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ 17-1-2017 ലെ B1/1454/17 നമ്പർ ഉത്തരവു പ്രകാരം 2570000രൂപ സിറ്റി പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് 3-2-17 ന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. സിറ്റി പ്രൊജക്ട് ഓഫീസർ 27-10-17 ന് ചെക്ക് നം. 992691 പ്രകാരം 1580000 രൂപയും ചെക്ക് നം. 992629 പ്രകാരം 850000 രൂപയും സി.ഡി.എസ് ന്റെ NULM അക്കൗണ്ടിലേയ്ക്ക് (44142200029224) നല്കിയിട്ടുണ്ട്. ആകെ 2430000 (1670000+850000) രൂപയാണ് ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദീകരണങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1)സിറ്റി പ്രൊജക്ട് മാനേജരും സി.ഡി.എസും ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതയും പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് ലിസ്റ്റ് സഹിതം സംസ്ഥാന മിഷന് ഫണ്ടിനായി അപേക്ഷ നൽകിയിട്ടുള്ളത്. എന്നാൽ 9 അയൽക്കൂട്ടങ്ങൾക്കും 1 എ.ഡി,എസിനും റിവോൾവിങ്ങ് ഫണ്ട് അനുവദിക്കാതെ 140000 രൂപ (2570000-2430000) സിറ്റി പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് . വിശദീകരണം ലഭ്യമാക്കേണ്ടതും തുക ചെലവഴിയ്ക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

2)ഫണ്ട് ലഭ്യമായ സ്വയം സഹായ സംഘങ്ങളും എ.ഡി.എസുകളും പ്രസ്തുത തുക അനുവദനീയമായ പ്രവർത്തനങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ സി.ഡി.എസ് കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കേണ്ടതും അവരുടെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-23 മുനിസിപ്പാലിറ്റി നിലവിൽ വന്ന് 3 വർഷമായിട്ടും പൗരാവകാശ രേഖ തയ്യാറാക്കിയില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിന് ശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ഇത് എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്നും തീരുമാനിക്കുകയും, ചട്ടം 4 പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും മറ്റ് മുനിസിപ്പൽ പ്രദേശത്തെ പൊതു സ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ഇത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാകുന്നു. എന്നാൽ മുനിസിപ്പാലിറ്റി 2015 നവംമ്പറിൽ നിലവിൽവന്നതിന് ശേഷം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്താൻ 17-02-2016 ലെ കൗൺസിൽ (തീരു. 29/16-ാം നമ്പർ) തീരുമാനമെടുത്തെങ്കിലും നാളിതുവരെ ഇത് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള തുടർ നടപടികളൊന്നും കൗൺസിൽ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/2017-18 തീ. 03/10/18) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-24 സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കാതെ കെട്ടിട വാടക നൽകി.

കൊടുവള്ളി ഗവ. ഐ.ടി.ഐ കെട്ടിടത്തിന്റെ കെട്ടിട വാടകയിനത്തിൽ കുടിശ്ശികയായ 9,54,990/- രൂപ 2017-18വർഷത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ശ്രീ. മജീദ് കെ. പി, കേളോത്ത് പുറായിൽ, ചുണ്ടപ്പുറം എന്നയാൾക്ക് നൽകിയിട്ടുണ്ട്. 15.02.2016 മുതൽ ശ്രീ. മജീദ് കെ. പി, എന്നവരുടെ ഉടമസ്ഥതയിലുള്ള 2/139N എന്ന കെട്ടിടത്തിലാണ് ഐ.ടി.ഐ പ്രവർത്തിച്ചുവരുന്നത്. 15.02.2016 മുതൽ 31.05.2017 വരെയുള്ള വാടകയാണ് പ്രതിമാസം 63,666/- രൂപ നിരക്കിൽ ചുവടെ ചേർക്കും പ്രകാരം നൽകിയിരിക്കുന്നത്.

| വൌച്ചർ നം, തീയതി | തുക |
|---|---|
| 21700477/05.10.2017 | 4,80,000/- |
| 21700785/14.02.2018 | 4,74,000/- |

ആദായ നികുതി നിയമത്തിലെ 194 ഐ വകുപ്പ് പ്രകാരം കെട്ടിട വാടക നൽകുമ്പോൾ പ്രതിവർഷ ഇളവ് പരിധിയായ 1,80,000 രൂപ കവിഞ്ഞുള്ള തുകയ്ക്ക് 10% ആദായ നികുതി സ്രോതസ്സിൽ നിന്നും ഈടാക്കാനും പെർമനന്റ് അക്കൌണ്ട് നമ്പർ(PAN) ഇല്ലാത്ത വ്യക്തികളുടെ കാര്യത്തിൽ 20% നികുതി ഈടാക്കാനും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉടമസ്ഥന് കെട്ടിട വാടക നൽകുന്ന അവസരത്തിൽ സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ 23/01.10.2018 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി

ലഭ്യമാക്കിയില്ല. PAN വിവരം രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ആകെ നൽകിയ വാടക തുകയിൽ വാർഷിക ഇളവ് കുറച്ച തുകയിൽ നിന്നും നികുതിയിനത്തിൽ അടവാക്കേണ്ട 154800/- രൂപ [954000 – 1,80,000)x20%] ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-25 വൗച്ചർ സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയുടെ ഓഡിറ്റ് വർഷത്തെ ചെലവ് വൗച്ചറുകൾ പരിശോധിച്ചതിൽ എല്ലാ വൗച്ചറുകളും ചെയർപെഴ്സൺ ഒപ്പുവെച്ച് അധികൃതമാക്കിയതായി കാണുന്നില്ല. ഉദാ:-

| വൗച്ചർ നം, തീയതി | തുക | ഉദ്ദേശ്യം |
|---|---|---|
| 21700785/14.02.2018 | 4,74,990/- | ഗവ.ITI കെട്ടിട വാടക |
| 21700243/24.06.2017 | 1,81,860/- | നഗരസഭയുടെ വിവിധഭാഗങ്ങളിൽ കുടിവെള്ളം വിതരണം ചെയ്ത വകയിൽ നൽകിയത് |
| 21700541/03.11.2017 | 8053/- | മുൻസിപ്പൽ ബിൽഡിംഗിലെ ടോയ് ലെറ്റ് പൈപ്പ് മാറ്റി സ്ഥാപിച്ചത് |
| 21700208/05.06.2017 | 4470/- | കൗൺസിലിൽ ഭക്ഷണം വിതരണം |
| 21700207/05.06.2017 | 29177/- | വികസന സെമിനാറിൽ ഭക്ഷണ വിതരണം |
| 21700206/05.06.2017 | 14864/- | വിവിധ മീറ്റിംഗുകളിൽ ഭക്ഷണം വിതരണം |

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 15(3)(ഡി) പ്രകാരം നഗരസഭയെ സംബന്ധിച്ച എല്ലാ ചെലവുകളും ചെയർപെഴ്സൺ അധികൃതമാക്കേണ്ടതാണ്.

കൂടാതെ, ഭൂരിഭാഗം വൗച്ചറുകളിലും, വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ട അനുബന്ധ രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചതായി കാണുന്നില്ല. വൗച്ചറുകൾ നമ്പർ ക്രമത്തിലോ, ഫണ്ട് അടിസ്ഥാനത്തിലോ കൃത്യമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ബിൽ രജിസ്റ്റർ,

അസാധാരണ ചെലവ് രജിസ്റ്റർ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. പൊതു ഭരണം കാര്യക്ഷമമാക്കാൻ ഇടപെടേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-26 ദുരിതാശ്വാസ നിധി - വിനിയോഗത്തിലെ അപാകതകൾ

2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാദ്ധ്യക്ഷന്റെ പേരിൽ ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, കൊടുങ്കാറ്റ്, കടലാക്രമണം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് നഗരസഭാസമിതിയുടെ അംഗീകാരത്തിന് വിധേയമായി ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര സഹായം നൽകാവുന്നതാണ്. നഗരസഭയിൽ സൂക്ഷിക്കുന്ന ദുരിതാശ്വാസനിധിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1. കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല:- 2003 ലെ കേരള മുൻസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം നിധിയെ സംബന്ധിച്ച വരവു ചെലവു കണക്കുകൾ സെക്രട്ടറി ഒരു കാഷ് ബുക്കിൽ സൂക്ഷിച്ചു പോരേണ്ടതാണ്. എന്നാൽ നഗരസഭയുടെ 2017-18 വർഷങ്ങളിൽ ഓഡിറ്റിനു സമർപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ 2017-18 ൽ 2,01,593/ രൂപ വരവുണ്ട്. ചെലവ് 64,525രൂപ. 31.03.2018 ലെനീക്കിയിരിപ്പ് 1,60,441/- രൂപയാണ്. കാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിനാൽ ഈ കണക്കുകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

2. അപേക്ഷാ രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല:- മേൽ ചട്ടങ്ങളിലെ ചട്ടം 5(2) അനുസരിച്ച് ധനസഹാ യത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്ന തിനുള്ള രജിസ്റ്ററുകൾ നഗരസഭയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള രജിസ്റ്ററുകൾ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 2017-18വർഷത്തിൽ ധനസഹായത്തിനായി ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണവും ധനസഹായം ലഭിച്ചവരുടെ എണ്ണവും ആകെ ചെലവായ തുകയുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

3. കണക്കുകൾ വാർഡ് സഭകളിൽ അവതരിപ്പിക്കുന്നില്ല:- ചട്ടം 7 അനുസരിച്ച് നിധിയിലേക്ക് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നൽകിയവരുടെയും പേരു വിവരങ്ങളും തുകയും മറ്റു കണക്കുകളും പഞ്ചായത്ത് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്. ഇത്തരം നടപടികളൊന്നും ദുരിതാശ്വാസനിധിയുടെ വിനിയോഗത്തിൽ നഗരസഭ

സ്വീകരിച്ചിട്ടില്ല.

ദുരിതാശ്വാസ നിധി വിനിയോഗത്തിൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-27 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധനാറിപ്പോർട്ട് ലഭ്യമല്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നതിനായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 2170086/28.04.2017 | 1,38,627 |
| 21700156/22.05.2017 | 1,38,627 |
| 21700256/29.06.2017 | 1,38,627 |
| 21700342/01.08..2017 | 1,38,627 |
| 21700408/23.08.2017 | 1,38,627 |
| 21700456/23.09.2017 | 1,49,175 |
| 21700518/28.10.2017 | 1,34,092 |
| 21700544/07.11.2017 | 1,38,627 |
| 21700658/28.12.2017 | 1,38,627 |
| 21700733/25.01.2018 | 1,38,627 |
| 21700806/22.02.2018 | 1,38,627 |
| 21700948/27.03.2018 | 1,38,627 |
| ആകെ | 16,69,537 |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ടാപ്പൊന്നിന് 7884/- രൂപ നിരക്കിൽ 211 ടാപ്പുകളുടെ വെള്ളക്കരമായാണ് മേൽ പറഞ്ഞ തുക പ്രതിമാസം അടവാക്കുന്നത്. നഗരസഭയിൽ ആകെയുള്ള പൊതു ടാപ്പുകളുടെ എണ്ണം, ആകെയുള്ള പൊതു ടാപ്പുകളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തനയോഗ്യമാണ്, പൊതു ടാപ്പുകളെ സംബന്ധിച്ച സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/01.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിററി നൽകുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ഈ വിവരങ്ങളിൽ നിന്നും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം

കണക്കാക്കുന്നതിലും, കണ്ടെത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ടചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധ ചെലുത്തേണ്ടതാണ്. തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താതെയാണ് വെള്ളക്കരം അടവാക്കി പോരുന്നത്.

മേൽ സാഹചര്യത്തിൽ നഗരസഭ പരിധിയിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതും ആയതിനെ അടിസ്ഥാനപ്പെടുത്തിയാണ് വെള്ളക്കരം ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നഗരസഭാ പരിധിയിലുള്ള എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലലഭ്യത ഉറപ്പുവരുത്തേണ്ടത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. പഞ്ചായത്തിലെ വാർഷിക ജലലഭ്യത തിട്ടപ്പെടുത്തുന്നതിനും വരൾച്ച സ്ഥിതിവിശേഷം നേരിടുന്നതിനുള്ള അടിയന്തിര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള പഠനം നടത്തി എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-28 <u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയില്ല</u>

സ.ഉ. 153/2015/ത.സ്വ.ഭ.വ തീ. 30.04.2015പ്രകാരം പുതുതായി രൂപീകരിച്ച നഗരസഭകളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിക്കുന്നതിന് സ.ഉ(എം.എസ്)42/2016 തസ്വഭവ തീ. 27.02.2016 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറിയുടെ 22.08.2017 ലെ ജി1-7320/17 ഉത്തരവു പ്രകാരം പദ്ധതി നടപ്പാക്കുന്നതിനായി ഒരു ഓവർസിയറെയും, അക്കൗണ്ടന്റ് -കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററേയും നിയമിച്ചിട്ടുണ്ട്. 2015 നവംബർ മാസം 1ാം തീയതി മുതൽ നഗരസഭ നിലവിൽ വന്നിട്ടും ഓഡിറ്റ് തീയതി വരെയും നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 3-29 <u>സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല</u>

ജി.ഒ.(പി.)177/2006/ഫിൻ./തീ.12.4.2006 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതുപ്രകാരം പ്രൊജക്ട് രജിസ്റ്റർ (അനുബന്ധം ബി-v), തദ്ദേശ സ്വയംഭരണ വകുപ്പ് ഫണ്ടിന്റെ വരവുചെലവു പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-iv) എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷിഓഫീസർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം സൂക്ഷിക്കേണ്ട പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാൻ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-30 പി.എം.എ.വൈ പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ പി.എം.എ.വൈ ഭവന പദ്ധതികൾക്ക് ചുവടെ ചേർക്കുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് നം | പേര് | അടങ്കൽ | ഫണ്ടിന്റെ തരം |
|---|---|---|---|
| 321/18 | പി.എം.എ.വൈ ഭവന പദ്ധതി | 20,00,000 | വികസന ഫണ്ട് - ജനറൽ |
| 365/18 | പി.എം.എ.വൈ ഭവന പദ്ധതി | 30,90,000 | വികസന ഫണ്ട് - ജനറൽ |
| | | 21,00,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 366/18 | പി.എം.എ.വൈ ഭവന പദ്ധതി - SC | 8,10,000 | വികസന ഫണ്ട് - SCP |
| 372/18 | പി.എം.എ.വൈ ഭവന പദ്ധതി | 21,48,250 | വികസന ഫണ്ട് - ജനറൽ |
| | | 2,50,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 6,50,000 | വികസന ഫണ്ട് - SCP |
| | | 1750 | തനത് ഫണ്ട് |

മേൽ പദ്ധതികൾ പ്രകാരം ഓരോ പദ്ധതിയുടെയും ഇനം തിരിച്ചുള്ള ചെലവു വിവരങ്ങൾ , ഓരോ പദ്ധതിപ്രകാരവും എത്രപേർക്ക് ധനസഹായം നൽകി എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. രജിസ്റ്ററിൽ ഓരോ ഗുണഭോക്താവിനും നൽകുന്ന തുകയും ഗഡുവും രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഏത് പ്രോജക്ടിൽ നിന്ന്/ഏത് ഫണ്ടിൽ നിന്ന് എന്ന് വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/01.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-31 നഗരസഭാ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് സൗകര്യങ്ങൾ

## ഒരുക്കിയില്ല- വാഹന പരിപാലന ചട്ടങ്ങളിലെ വീഴ്ച

നഗരസഭയിൽ ചെയർമാന്റെയും ഓഫീസ് ആവശ്യത്തിനുമായി രണ്ട് വാഹനങ്ങൾ നിലവിൽ ഉപയോഗിച്ചു വരുന്നു. ഈ വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നഗരസഭയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/17-18 1തീ. 25.09.2018) മറുപടിയിൽ ചെയർപെഴ്സന്റെ വാഹനം (KL-57N 2963 INNOVA) ചെയർപെഴ്സന്റെ വീട്ടിലും, ഓഫീസ് വാഹനം (KL 57F-9999)ഡെ. ചെയർപെഴ്സന്റെ വീട്ടിലുമാണ് രാത്രി കാലങ്ങളിൽ സൂക്ഷിക്കുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ഏകദേശം 10 കിലോമീറ്ററോളം വാഹനം ഓരോ ദിവസവും പാർക്കിംഗിനായും തിരിച്ചും സഞ്ചരിക്കേണ്ടതുണ്ട്. 2000- ലെ കേരള മുൻസിപ്പാലിറ്റി(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കസ്റ്റോഡിയൻ ഓഫീസ് സെക്രട്ടറി ആയിരിക്കുന്നതാണ്. ചട്ടം 8( 4)പ്രകാരം വാഹനങ്ങൾ മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും കസ്റ്റോഡിയൻ ഓഫീസർ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്യാരേജിൽ നിന്നും വാഹനങ്ങൾ അനധികൃതമായി പുറത്തു കൊണ്ടു പോകുന്നത് തടയുന്നതിന് ആവശ്യമായ ഏർപ്പാടുകളും കസ്റ്റോഡിയൻ ഓഫീസർ ചെയ്യേണ്ടതാണെന്ന് ചട്ടം നിഷ്കർഷിക്കുന്നു. വാഹനങ്ങൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുന്നതിന് നഗരസഭാ കൗൺസിൽ നടപടി സ്വീകരിച്ചിട്ടില്ല.

03.09.2016 ലെ 150/16 നം. കൗൺസിൽ തീരുമാന പ്രകാരം ഓഫീസിന് വടക്ക വശം ജീവനക്കാരുടേയും കൗൺസിലർമാരുടേയും വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര് ഒരുക്കാനും ബോർഡ് സ്ഥാപിക്കാനും പോലീസിനും സെക്രട്ടറിക്കും നിർദേശം നൽകുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ നഗരസഭാ ഓഫീസിന് വടക്ക് വശത്തായി ബസ് സ്റ്റാൻറിലേക്ക് കയറുന്ന ഭാഗത്ത് സ്റ്റാന്റിനോട് ചേർന്ന് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ചെടിച്ചട്ടികൾ സ്ഥാപിച്ചതായും ഹോളോബ്രിക്സ് കൊണ്ട് കെട്ടി വേർതിരിച്ചിരിക്കുന്നതായും കാണുന്നു. ഇതിനാൽ വാഹന പാർക്കിങ്ങിന് അസൗകര്യം അനുഭവപ്പെടുന്നു.

ഈ സാഹചര്യത്തിൽ നഗരസഭയുടെ വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുന്നതിന് നഗരസഭാ കൗണ്സിൽ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് വായ്പ | ജിഒ.533/10/ ത.സ്വ.ഭ.വ./ തീ.18.2.2010 | 18663000 | 4387764 | 500000 | ---- | 3887764 |
| കെ.യു.ആർ.ഡി. എഫ്.സി വായ്പ | KURDFC/GP/ 167/09/ dtd.5.1.2010 | 5800000 | 32006 | 32006 | 1275 | വായ്പ ക്ലോസ് ചെയ്തു |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ നഗരസഭക്ക് തൻവർഷം വരവൊന്നും ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19(b,c) | 2003- (പൊതു പരാമർശം) | 11.13.7.25 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 52 | 2003-04 | 11(1) | തൊഴിൽ രഹിത വേതനം | റവന്യൂ റിക്കവറി നടപടി പ്രകാരം തുക ഈടാക്കി റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡിയോട് ശുപാർശ ചെയ്തു |
| 2000-01 | 45 | 2003-04 (പൊതു പരാമർശം) | 11.13.6.4 | കാർഷിക യന്ത്രവൽക്കരണം | |
| 2000-01 | | 2003-04 | 11.14 | 1)കൊടേക്കുന്ന് അംഗൻവാടി കെട്ടിടം<br>2)വെറ്ററിനറി ആശുപത്രി റിപ്പയർ<br>3) പാലക്കുറ്റി മരുതമ്മൽ റോഡ് | |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2003-04 | 11.14 | വീട്ടിൽ ഒരു പശു പദ്ധതി | |
| 2001-02 | | 2004-05 | 11.1.1.4 | ക്യാഷ് ബുക്കും രജിസ്റ്ററുകളും എഴുതിയില്ല | |
| 2001-02 | | 2004-05 | 11.1.3.28 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.4.8 | തൊഴിൽ പരിശീലന പദ്ധതികൾ | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണ പ്രവൃത്തി പൂർത്തിയായില്ല | |
| 2007-08 | | 2011-12 | 4.15 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | |
| | | 2013-14 | 6.3.2 | പ്രൊക്യൂർമെന്റ് സൈക്കിൾ | |
| | | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | |
| | | 2015-16 | 4.1.6 | വാർഷിക ധനകാര്യ പത്രിക വിവരങ്ങളുടെ കൃത്യത | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 139045520 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110652846 |
| വരവിനങ്ങളിലുള്ള നഷ്ടം | 98562 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,590 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2060394 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 98562 | | |

| | | | |
|---|---|---|---|
| 3-1 | | 23,446 | ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-5 | | 3,144 | ശ്രീ. എ.എം. അനിൽകുമാർ, സെക്രട്ടറി(ഇൻ-ചാർജ്ജ്) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 4,44,125 | ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ |
| 3-7 | 4,90,000 | ശ്രീ. എ.എം. അനിൽകുമാർ, സെക്രട്ടറി(ഇൻ-ചാർജ്ജ്) |
| 3-8 | 4,89,179 | ശ്രീ. എ.എം. അനിൽകുമാർ, സെക്രട്ടറി(ഇൻ-ചാർജ്ജ്) |
| 3-10 | 3,12,500 | ഡോ.കെ.ചന്ദ്രൻ, സീനിയർ വെറ്റിനറി സർജൻ |
| 3-19 | 3,24,590 | ശ്രീ. വിഭിൻ പ്രഭാകർ, പ്രിൻസിപ്പാൾ |
| ആകെ | 20,60,394 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-24 | 1,54,800 | 1. ശ്രീമതി.വ്യജ.എൻ.കെ, സെക്രട്ടറി<br>2. ശ്രീ.അനിൽകുമാർ.എ.എം സെക്രട്ടറി ഇൻചാർജ്ജ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1, 2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന്

ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയന്തി എൻ. പി, മുൻസിപ്പൽ എഞ്ചിനീയർ | മുൻസിപ്പൽ എഞ്ചിനീയർ, കൊടുവള്ളി നഗരസഭ | നെല്ലിപ്പനത്തിൽ അനശ്വര ചെറുപുറത്ത് അന്നശ്ശേരി പോസ്റ്റ് തലക്കുളത്തൂർ 673317 |
| ശ്രീ. എ.എം. അനിൽകുമാർ, സെക്രട്ടറി(ഇൻചാർജ്ജ്) | ജൂനിയർ സൂപ്രണ്ട്, കൊടുവള്ളി നഗരസഭ | ആമാട്ട് മീത്തൽ, ചേവായൂർ പി.ഒ, കോഴിക്കോട് |
| ശ്രീ. വിഭിൻ പ്രഭാകർ, പ്രിൻസിപ്പാൾ | | കാരുണ്യ നിവാസ്, വെങ്കാഞ്ഞി,കൊല്ലങ്കോട് (പി.ഒ), കന്യാകുമാരി (Dt.),പിൻ : 629160 |
| ഡോ.കെ.ചന്ദ്രൻ, സീനിയർ വെറ്റിനറി സർജൻ | വെറ്റിനറി ഡിസ്പെൻസറി കൊടുവള്ളി | ചന്ദ്രകാന്ത് IIM ഗേറ്റിന് സമീപം കുന്ദമംഗലം (പി.ഒ) കോഴിക്കോട് |

## **4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(3)/7.1.2014 | 1 | |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(5)/7.1.2014 | 4 | |
| 2000-2001 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(6)/7.1.2014 | 6 | |
| 2001-2002 | എൽ.എഫ്.കെ.കെ.ഡി.പി1/1699/ 2013(7)/7.1.2014 | 2 | |
| 2003-2004 | എൽ.എഫ്.കെ.കെ.ഡി.പി1/721/ 2011(ii) | 11 | |
| 2006-2007 | എൽ.എഫ്.കെ.കെ.ഡി.പി1/351/ 2010/30.4.2010 | 14 | |
| 2008-2009 | എൽ.എഫ്.കെ.കെ.ഡി.പി1/1817/ 12/14.12.2012 | 31 | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/987/ | 16 | |

| | | | |
|---|---|---|---|
| 2010-11 | 13/22.7.2013 | | |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി1/1439/ 14/2.9.2014 | 15 | |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി1/393/ 15/4.8.2015 | 18 | |
| 2013-14 | കെ.എസ്.എ.കെ.കെ.ഡി(പി1)/ 1312/15/2.12.2015 | 22 | |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി(പി14)/ 1711/2016/5.5.2017 | 18 | |
| 2015-16 (ഗ്രാ.പ.) | കെ.എസ്.എ.കെ.കെ.ഡി. /പി.14/145/17/1.6.2017 | 25 | |
| 2015-16 (നഗരസഭ) | കെ.എസ്.എ.കെ.കെ.ഡി. /പി.14/144/17/7.7.2017 | 19 | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. /പി.14/1690/17/14.5.2018 | 32 | |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി14/2323/2018

ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012

ഇ-മെയിൽ-ddlfakkd@yahoo.in

തീയതി:12.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4,1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടുവള്ളി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്